JUNE 2014 VOL :22, ISSUE: 6 ALHAQ

# അൽഹഖ്

ഇഹ്സാൻ 1393 | റജബ് – ശഅ്ബാൻ 1435 | മേടം – ഇടവം 1189



## വിദ്യാഭ്യാസം

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

നമുക്ക് ഒരുപാട് അദ്ധ്യാപകരെ വേണം. ഡോക്ടർമാരെ വേണം. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്യുന്നതിന് ഭാഷാ പണ്ഡിതരെ വേണം. ഉർദുവിൽ ഒരുപാട് ഗ്രന്ഥങ്ങൾ ഇനിയും ബാക്കിയാണ്. അതൊക്കെയും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാൻ പോവുകയാണ്. ഉർദുവിൽ നിന്നും അറബിയിൽ നിന്നും ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാൻ പഠിക്കുക. അങ്ങനെ നിങ്ങൾ ഒരുപാട് ഭാഷകൾ സ്വായത്തമാക്കേണ്ടതാണ്.


അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കുക 3

ആരാണ് പ്രവാചക നിഷേധി? 4

ജ്ഞാനമാണ് മനുഷ്യ ബുദ്ധിയുടെ പുരോഗതിക്കു കാരണം 9

അല്ലാഹുവിന്റെ പ്രിയരായി മാറുക 12

ചരിത്രം
HISTORY

# ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് അലീഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റിയിൽ




ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ്

1940 ൽ അലീഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ച ഒരു പ്രത്യേക പരിപാടിയിൽ സമ്മാനദാനം നടത്തുന്നതിനായി ചൗധരി മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിനെ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം ക്ഷണം സ്വീകരിച്ചു കൊണ്ട് 1940 മാർച്ച് 9 ന് ട്രെയിനിൽ അലീഗഡിൽ എത്തിച്ചേരുകയുണ്ടായി. റയിൽവേസ്റ്റേഷനിൽ സ്വീകരണത്തിനായി പ്രമുഖർ എത്തിയിരുന്നു. അതിൽ മുസ്‌ലിം യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ശാഹ് മുഹമ്മദ് സുലയ്മാൻ സാഹിബ്, വൈസ്ചാൻസ്‌ലർ ബി.എ ഹലീം സാഹിബ്, അലീഗഡ് ജില്ലാ കലക്റ്റർ എ.ടി.നഖ്‌വി സാഹിബ് എന്നിവരെ കൂടാതെ യൂണിവേഴ്സിറ്റി വിഭാഗമോധാവികളും സന്നിഹിതരായിരുന്നു.

സ്റ്റേഷനിൽ നിന്ന് കാറിൽ യൂണിവേഴ്സിറ്റിയിലെത്തിയ ചൗധരി സാഹിബിനെ വിക്റ്റോറിയ ഗേറ്റിൽ യൂണിവേഴ്സിറ്റിയുടെ റൈഡിങ്ങ് സ്ക്വാഡ് അഭിവാദനം നൽകി സ്വീകരിച്ചു. പിന്നീട് വൈസ് ചാൻസലറിനോടൊപ്പം മുഴുവൻ യൂണിവേഴ്സിറ്റിയും നടന്ന് കണ്ടു. വൈകിട്ട് നാലര മണിക്ക് ചൗധരി സാഹിബിനെ ആദരിച്ചുകൊണ്ട് ചായ സൽക്കാരം നടന്നു. തുടർന്ന് നടന്ന പരിപാടിയിൽ കായിക മൽസരങ്ങളിൽ വിജയികളായവർക്ക് ചൗധരി സാഹിബ് സമ്മാനം വിതരണം ചെയ്തു. സമാപനത്തിൽ വൈസ് ചാൻസലർ ഇംഗ്ലീഷിൽ ചൗധരി സാഹിബിന് നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ കഴിവുകളെയും പ്രവർത്തനങ്ങളെയും പ്രശംസിക്കുകയുണ്ടായി.






മറുപടിയായി ചൗധരി സാഹിബ് സൂറ:ഫാത്തിഹയുടെ പാരായണത്തിന് ശേഷം ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി എന്ന ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഉർദുവിൽ പ്രഭാഷണം നടത്തി. ഈ പ്രഭാഷണം മുഴുവൻ സദസിനെയും വളരെയധികം ആകർഷിക്കുകയുണ്ടായി. പ്രഭാഷണമദ്ധ്യേ നിരവധി തവണ വിദ്യാർഥികൾ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് അഭിവാദ്യം അർപ്പിക്കുകയുണ്ടായി.

തുടർന്ന് സ്റ്റേഷനിലെത്തിയ അദ്ദേഹത്തെ അവിടെ വെച്ച് വീണ്ടും റൈഡിങ്ങ് സ്ക്വാഡ് അഭിവാദ്യം അർപ്പിക്കുകയും അദ്ദേഹം ട്രെയിനിൽ തിരിച്ച് ഡൽഹിയിലേക്ക് യാത്രയാകുകയും ചെയതു.


*(താരീഖെ അഹ്മദിയ്യത്ത്)*

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



وَاللّٰهُ اَخۡرَجَكُمۡ مِّنۡۢ بُطُوۡنِ اُمَّهٰتِكُمۡ لَا تَعۡلَمُوۡنَ شَيۡـًٔا ۙ
وَّجَعَلَ لَـكُمُ السَّمۡعَ وَالۡاَبۡصَارَ وَالۡاَفۡـِٕدَةَ ۙ لَعَلَّكُمۡ تَشۡكُرُوۡنَ ﴿۷۹﴾



# അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കുക

നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് പുറത്തു കൊണ്ടു വന്നു. അവൻ നിങ്ങൾക്ക് ചെവികളും കണ്ണുകളും ഹൃദയങ്ങളും ഉണ്ടാക്കിത്തരികയും ചെയ്തിരിക്കുന്നു. നിങ്ങൾ കൃതജ്ഞത കാണിക്കാൻ വേണ്ടി.(16:79)

**തഫ്സീർ:** അല്ലാഹു പറയുന്നു, ജനങ്ങളേ! നിങ്ങൾ നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്നും ഒന്നുമറിയാത്ത അവസ്ഥയിൽ നിങ്ങൾക്ക് കണ്ണും കാതും ഹൃദയവും തന്നു കൊണ്ട് ഈ ഭൂമിയിലേക്ക് അയച്ചു; നിങ്ങൾ അറിവ് കരസ്ഥമാക്കുന്നതിനു വേണ്ടി. എന്നാൽ നിങ്ങൾ നമ്മുടെ ഈ അനുഗ്രഹത്തെയും പ്രയോജനപ്പെടുത്തിയില്ല. നിങ്ങൾ കണ്ണുകൾ കൊണ്ട് കാണുകയോ കാതുകൾ കൊണ്ട് കേൾക്കുകയോ മനസ്സിരുത്തി ചിന്തിക്കുകയോ ചെയ്തില്ല. ഈ വചനത്തിൽ എത്ര മാത്രം കാരുണ്യവും ദു:ഖവുമാണ് നിറഞ്ഞു നിൽക്കുന്നത്. സർവ്വശക്തനായ ദൈവം തന്റെ അടിയാറുകളെ അവർ ശിക്ഷിക്കപ്പെടത്തക്ക അശ്രദ്ധ കാണിച്ചിട്ടും എത്രമാത്രം സ്നേഹനിർഭരമായ വാക്കുകളിലൂടെയാണ് തന്റെ ദു:ഖം പ്രകടിപ്പിക്കുന്നത്. ഈ ആയത്തിൽ ദൈവിക വെളിപാടുകൾ അനിവാര്യമാണെന്നതിന് ഒരു തെളിവു കൂടി നല്കിയിരിക്കുകയാണ്. അതായത്, ഒരറിവുമില്ലാത്ത അവസ്ഥയിലാണ് മനുഷ്യൻ ജനിക്കുന്നത്. എന്നാൽ അല്ലാഹു അവന് ജ്ഞാനം കരസ്ഥമാക്കുന്നതിന് കണ്ണും കാതും ഹൃദയവും നല്കി. ദൈവം തന്നരുളിയ മാർഗത്തിലൂടെയാണ് മനുഷ്യൻ എല്ലാ ഭൗതിക ജ്ഞാനവും ആർജ്ജിക്കുന്നത്. അല്ലാഹു തന്ന ഈ മാർഗങ്ങളുടെയൊന്നും ആവശ്യം എനിക്കില്ലെന്നും ഞാൻ സ്വയം തന്നെ അറിവ് നേടിക്കൊള്ളാമെന്നൊന്നും ആർക്കും പറയാനാവില്ല. അപ്പോൾ ആത്മീയ ജ്ഞാന സമ്പാദനത്തിന് അല്ലാഹു വെച്ചിട്ടുള്ള ഉപാധികളെ നിഷേധിക്കാൻ മനുഷ്യന് കഴിയുന്നതെങ്ങനെ?

മനുഷ്യന്റെ മഹത്ത്വം കുടികൊള്ളുന്നത് പ്രകൃതി അവന് നലകിയിട്ടുള്ള മാർഗോപാധികളെ ശരിയാംവണ്ണം ഉപയോഗിക്കുന്നതിലാണ്. ഈ കഴിവുകളുടെ സഹായത്തോടെയാണ് മനുഷ്യൻ എല്ലാ ശ്രേഷ്ഠതകളും സ്വായത്തമാക്കുന്നത്. അതിലവൻ യാതൊരു മാനക്കേടും വിചാരിക്കുന്നില്ല. എന്നാൽ ആത്മീയമാർഗങ്ങളെക്കുറിച്ചുള്ള ചോദ്യം ഉയരുമ്പോൾ എനിക്ക് ഇതിന്റെ ആവശ്യമെന്താണ് ഞാൻ സ്വയം തന്നെ ഈ കാര്യം ചെയ്യാൻ പ്രാപ്തനാണല്ലോ എന്ന് വിചാരിക്കുന്നു.

ആയത്തിന്റെ അവസാനം പറയുന്നു, ഈ കഴിവുകൾ എല്ലാം അല്ലാഹു തന്നിരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ വിലമതിക്കുന്ന ഒരവസ്ഥ തങ്ങളുടെ ഉള്ളിൽ ഉണ്ടാകുന്നതിനു വേണ്ടിയാണ്. എന്നാൽ അതിനു വിപരീതമായി നിങ്ങൾ അതിൽ ഊറ്റം കൊള്ളുകയാണുണ്ടായത്. ഒരു ബാഹ്യശക്തിയുടെ സഹായത്തിന്റെ ആവശ്യം തങ്ങൾക്കില്ലെന്ന് പറയുകയും ചെയ്യുന്നു. ഈ ആയത്തിൽ ആദ്യം കാതുകളുടെയും ശേഷം കണ്ണുകളുടെയും അതു കഴിഞ്ഞ് ഹൃദയങ്ങളുടെയും പരാമർശമാണുള്ളത്. മനുഷ്യന്റെ ജ്ഞാനം അഭിവൃദ്ധിപ്പെടുന്നതും ഇതേ ക്രമത്തിലാണ്. ഗർഭസ്ഥദശയിലേ അവൻ കേൾക്കാൻ തുടങ്ങുന്നു. പിന്നീട് കാണാനും ചിന്തിക്കാനും തുടങ്ങുന്നു.

*സമ്പാ: ആരിഫ് മുഹമ്മദ്*

## അധ്യാപകന്മാരുടേയും മുറബ്ബികളുടേയും ഉത്തരവാദിത്വം

ഏതുപോലെ അർപ്പണ ബോധത്തോടും കഠിനാദ്ധ്വാനത്തോടും കൂടി വിദ്യാർത്ഥികൾ പഠിക്കുകയും തങ്ങളുടെ കഴിവുകളെ വികസിപ്പിക്കുകയും ചെയ്യേണമോ അതേ പോലെ തന്നെ അധ്യാപകന്മാരുടേയും ഉത്തരവാദിത്വം അവരും തികഞ്ഞ പരിശ്രമത്തോടും അർപ്പണ ബോധത്തോടും കൂടി വിദ്യാർത്ഥികളെ പഠിപ്പിക്കുക എന്നതാണ്. അവരുടെ ജീവിതം വിദ്യാർത്ഥികൾക്കായി അർപ്പിതമായിരിക്കേണ്ടതാണ്. അധ്യാപകരും ലക്ചർമാരും ആത്മാർത്ഥയോടും വിശ്വസ്തതയോടും കൂടി ജോലി ചെയ്യുകയാണെങ്കിൽ അവർക്ക് ലഭിക്കുന്ന ആദരവും മഹിമയും ശാശ്വതമായിരിക്കും. തലമുറകളോളം അവർക്ക് അതിന് പ്രതിഫലം ലഭിക്കുന്നതാണ്. വിദ്യാർത്ഥികളും തികഞ്ഞ അർപ്പണബോധത്തോട് കൂടി തങ്ങളുടെ സ്കൂളുകളുടേയും കോളേജുകളുടേയും പേരും അന്തസ്സും മറ്റ് വിദ്യാലയങ്ങളേക്കാൾ മികച്ചതാക്കേണ്ടതാണ്. നമ്മുടെ വിദ്യാർത്ഥികൾ ഈ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ അത് തബ്ലീഗിലും പ്രയോജനം ചെയ്യുന്നതാണ്, മറ്റ് വിദ്യാർത്ഥികൾ നമ്മിലേക്ക് ആകൃഷ്ടരാകുകയും ജമാഅത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയരുകയും ചെയ്യുന്നതാണ്. നമ്മുടെ മുറബ്ബികളുടേയും ഭാരവാഹികളുടേയും നിർബന്ധകടമ, അവരുടെ ജോലിക്കൊപ്പം ജമാഅത്തിന് ഉന്നത വിദ്യാഭ്യാസം നേടിക്കൊടുക്കുന്നതിലേക്കും ശ്രദ്ധിക്കുക എന്നതാണ്. അവർക്ക് യഥാർത്ഥ പ്രതിഫലം ഇത്തരം പ്രവർത്തനങ്ങൾക്കാണ് ലഭിക്കുക. (മശ്അലെ രാഹ് )


ദഅ്‌വത്തെ ഇല്ലല്ലാഹ്




മുജീബ്

# ആരാണ് പ്രവാചക നിഷേധി?

മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് മർഹൂം



1994 ന്റെ അവസാനത്തിൽ തെക്കെ ഇന്ത്യയിലെ കോയമ്പത്തൂരിൽ ഭിന്നാഭിപ്രായമുള്ള മൂന്ന് കാര്യങ്ങളിൽ വളരെ സമാധാനപരമായ വാദപ്രതിവാദം നടക്കുകയുണ്ടായി. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഹാഫിസ് മുസഫർ അഹ്മദ് സാഹിബിനെയും വിനീതനെയും അഹ്മദികളെ സഹായിക്കുന്നതിനായി വിമാനമാർഗം അയക്കുകയുണ്ടായി. ഖത്മെനുബുവ്വത്ത് എന്ന വിഷയത്തിൽ അഹ്‌ലെ ഹദീസ് നേതാവ് മൗലവി സൈനുൽ ആബിദീൻ സാഹിബ് വളരെ ശക്തമായ നിലയിൽ തന്റെ



ഈ നിലപാട് ആവർത്തിച്ച് സമർപ്പിച്ചു കൊണ്ടിരുന്നു. അതായത് വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രവാചകന്മാർക്കും ഓരോ സമുദായം ഉണ്ട്. ലികുല്ലി ഉമ്മത്തിൻ റസൂൽ (യുനസ്) അതിനാൽ അഥവാ മീർസാ സാഹിബ് നബിയാണെങ്കിൽ അദ്ദേഹത്തിന്റെ സമുദായം മുസ്‌ലിംകളിൽ നിന്ന് തികച്ചും വ്യത്യസ്ഥവും പുതിയതും ആയിരിക്കും.


ചർച്ചയ്ക്കിടയിൽ ഹദ്റത് ഇമാം ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ വിശേഷ ശ്രദ്ധയുടെ അനുഗ്രഹത്താൽ അല്ലാഹു എന്റെ ശ്രദ്ധയെ നബി(സ) തിരുമേനിയുടെ ഹദീസുകളുടെ അവതാരികയിൽ നിന്നും എത്ര നബിമാർ ആഗതരായിട്ടുണ്ടെന്നും എത്ര സമുദായങ്ങൾ കടന്നുകഴിഞ്ഞിട്ടുണ്ടെന്നും നോക്കുന്നതിലേക്ക് തിരിച്ചു.

അല്ലാഹുവിന്റെ അൽഭുതകരമായ സഹായം നോക്കുക, അല്പനേരത്തെ പരിശോദനയിലൂടെ മസ്നദ് അഹ്മദ് ഇബ്നു ഹമ്പലിന്റെ 5-ാം വാല്യത്തിൽ തന്നെ തൽസംബന്ധമായ രണ്ട് ഹദീസുകൾ ലഭിച്ചു.(പേജ് 115,455) അതിൽ നബി (സ) പറഞ്ഞിരിക്കുന്നത് മുസ്‌ലിം സമുദായത്തിന് മുമ്പ് 69 സമുദായങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും പ്രവാചകന്മാരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ആണെന്നുമാണ്.

രാത്രി പതിവനുസരിച്ച് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഫാസിൽ മുബല്ലിഗ് കേരളയും ഹാഫിസ് മുസഫർ അഹ്മദ് സാഹിബും വിനീതനും പരസ്പരം ചർച്ചയ്ക്കായി ഇരുന്നപ്പോൾ ഞാൻ മൗലാനാ മുഹമ്മദ് ഉമർ സാഹിബിനോട് പറഞ്ഞു, നാളെ ഖത്മെ നുബുവ്വത്തിൽ ചർ ച്ചയുടെ അവസാന ദിനമാണ്. താങ്കൾ അവസാന പ്രഭാഷണത്തിൽ വളരെ ശക്തിയുക്തം ജനങ്ങളോട് ഇങ്ങനെ പറയണം. അതായത് ഞങ്ങൾ ഖുർആനിക തെളിവുകളുടെ അടിസ്ഥാനത്തിൽ അനുഗ്രഹം തുടർന്നുകൊണ്ടിരിക്കുന്നു എന്ന് തെളിയിച്ചിരിക്കുന്നു. എന്നാൽ ദുഖമെന്ന് പറയട്ടെ, മൗലാനാ സൈനുൽ ആബിദീൻ സാഹിബ് വിശുദ്ധഖുർആന്റെ തീരുമാനത്തെ അംഗീകരിക്കുന്നതിനു പകരം ഞങ്ങളോടല്ല മറിച്ച് മഹാനായ പ്രവാചകൻ ഖാത്തമുന്നബിയ്യീനോടാണ് പോരാടുന്നത്. കാരണം നബി തിരുമേനി (സ)യുടെ ഹദീസിൽ നിന്നും തെളിയുന്നത് 69 സമുദായങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത് എന്നും എന്നാൽ പ്രവാചകന്മാരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപത്തിനാലായിരം ആകുന്നു എന്നുമാണ്. എന്നാൽ ചർച്ചയ്ക്ക് നേതൃത്വം നൽകുന്ന മൗലവി സാഹിബ് ജനാബ് ഖാതമുന്നബിയ്യീൻ(സ)യുടെ തീരുമാനത്തെ നിഷേധിച്ചു കൊണ്ട് മുഴുവൻ സമയവും സ്വയം തന്റെ അഭിപ്രായത്തെയാണ് സമർപ്പിച്ചു കൊണ്ടിരുന്നത് എന്ന് കാണുമ്പോൾ നബി(സ)യെ സ്നേഹിക്കുന്നവരുടെ ഹൃദയം നുറുങ്ങിപ്പോകുന്നു.

അങ്ങനെ അടുത്ത ദിവസം മൗലാനാ മുഹമ്മദ് ഉമർ സാഹിബ് തന്റെ പ്രഭാഷണത്തിൽ അത്യധികം പ്രഭാവം ചെലുത്തുന്ന ഈ കാര്യം അവതരിപ്പിച്ചപ്പോൾ മൗലവി സൈനുൽ ആബിദീൻ സാഹിബും അദ്ദേഹത്തിന്റെ അനുചരന്മാരും പെട്ടെന്ന് ചാടി എഴുന്നേറ്റു കൊണ്ട് അഹ്മദികളോട് യഥാർഥ ഹദീസ് കാണിക്കാൻ ആവശ്യപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതപ്പോൾ തന്നെ നിർവഹിക്കപ്പെട്ടു.

എന്നാൽ രിവായത്ത് കണ്ടതിനു ശേഷവും അവർ ബഹളം കൂട്ടിക്കൊണ്ടിരുന്നു. ഭയന്നു കൊണ്ട് പറഞ്ഞു, ഇൽമു അസ് ഹാബുർറിജാലനുസരിച്ച് ഈ ഹദീസുകളിലെ ഇന്ന




നിവേദകൻ ദുർബലനാണ്. ബഹുമാനപ്പെട്ട ഹാഫിസ് മുസഫർ അഹ്മദ് സാഹിബ് ഉടൻ തന്നെ ഉച്ചത്തിൽ വളരെ ഗാംഭീര്യത്തോടു കൂടി മറുപടിയായി പറഞ്ഞു, നിങ്ങൾ ഏതൊരു നിവേദകനെ സംബന്ധിച്ചാണോ നിരൂപണം നടത്തിയത് അദ്ദേഹം ഈ ഹദീസുകളുടെ നിവേദകരിൽ ഉൾപ്പെട്ടിട്ടേ ഇല്ല.

ഇതു കേട്ടപ്പോൾ മറ്റേ കക്ഷിക്കാരുടെ പണ്ഡിതന്മാർ അൽഭുതപരതന്ത്രരായി. അവർ പരസ്പരം തന്നെ ആരോപണം ഉന്നയിക്കാൻ തുടങ്ങി. കൂടാതെ തങ്ങളുടെ പ്രതിനിധിയോട് കയർക്കാനും തുടങ്ങി. ഇങ്ങനെയുള്ള അടിസ്ഥാനമില്ലാത്ത ചോദ്യം എന്തിനാണ് ചോദിച്ചത് എന്നു പറയാനും തുടങ്ങി. ചരിത്രപരമായ ഈ ദിനം ഞങ്ങളെ സംബന്ധിച്ചിടത്തോളം യൗമുൽ ഫുർഖാനെക്കാളും കുറവായിരുന്നില്ല. അതിനെ വീഡിയോ ക്യാമറയുടെ കണ്ണുകൾ എന്നെന്നേക്കുമായി സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ട്.

(ദിൽചസ്പ് ഇൽമി വാഖിആത്ത് വമുശാഹിദാത്ത്)




ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)



# ത്വലബുൽ ഇൽമി ഫരീദത്തുൻ അലാ കുല്ലി മുസലിമിൻ വ മുസലിമത്തിൻ

അല്ലാഹു സൃഷ്ടിച്ച് ഓരോ വസ്തുവിനും എണ്ണമറ്റ ഗുണങ്ങൾ ഉണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുണ്ട്. കാരണം, അല്ലാഹുവിന്റെ എണ്ണമറ്റ ഗുണങ്ങൾ എപ്പോഴും ആ വസ്തുവിൻ മേൽ ജ്വലിച്ചു നില്ക്കുന്നു. മനുഷ്യൻ ഖിയാമത്ത് വരെ ഒരു ധാന്യമണിയുടെ ഗുണഗണങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തിക്കൊണ്ടിരുന്നാലും അവന്റെ മുന്നിൽ പുതിയ കാര്യങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കും. എത്രതന്നെ ശ്രമിച്ചാലും ആ ധാന്യമണിയുടെ ഗുണങ്ങളെ പൂർണ്ണമായും അനാവരണം ചെയ്യാൻ സാധ്യമല്ല. ആയതിനാൽ അറിവിന്റെ മേഖല നമുക്ക് ഊഹിക്കാൻ പോലും കഴിയാത്തവിധം വിപുലമാണ്. അത്ര മാത്രം വിശാലമാണ് നമ്മുടെ പ്രപഞ്ചം. അതിലെ ഓരോ വസ്തുവിലും ജ്വലിച്ചു നില്ക്കുന്ന ദൈവിക ഗുണങ്ങളുടെ വിശാലത അപാരമാണ്.

വിജ്ഞാനത്തിലേക്ക് ശ്രദ്ധ തിരിക്കാൻ ഞാൻ ജമാഅത്തിനെ പല പ്രാവശ്യം ഉണർത്തിച്ചിട്ടുള്ളതാണ്. തങ്ങളുടെ വരുംതലമുറയെ,സന്താനങ്ങളെ അവർ കൂടുതലായി പഠിപ്പിക്കേണ്ടതാണ്. ഓരോ അഹ്മദികുട്ടിയും കുറഞ്ഞത് പത്താം ക്ലാസ്സുവരെയെങ്കിലും പഠിച്ചിരിക്കണമെന്ന് കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞിരുന്നു. മനുഷ്യൻ ആർജ്ജിച്ചെടുക്കുന്ന വിജ്ഞാനം അത് ഒരു പിരമിഡ് പോലെയാണ്. അതിന്റെ അടിത്തറ വളരെ വീതിയുള്ളതായിരിക്കും. മുകളിലേക്ക് പോകുന്തോറും വീതി കുറഞ്ഞിരിക്കും. അതിന്റെ ഏറ്റവും അറ്റത്ത് എത്തുന്നത് അബ്ദുസ്സലാം സാഹിബിനെപ്പോലെ ധൈഷണികമായി ഔന്നിത്യം പ്രാപിച്ചവരായിരിക്കും. അത്തരക്കാർ ഒന്നല്ല; ഒരായിരം ഉണ്ടാകാം, ഉണ്ടാകേണ്ടതുമാണ്

നാം കഴിവിന്റെ പരമാവധി ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. പത്താം ക്ലാസ്സ് കഴിഞ്ഞ് ഇന്റർമീഡിയറ്റും അതു കഴിഞ്ഞ് മെഡിസിനോ എൻജിനീയറിങ്ങോ ആർട്സോ ഏതെങ്കിലും വിഷയത്തിലേക്ക് അവരുടെ ശ്രദ്ധയെ തിരിക്കേണ്ടത് ജമാഅത്തിന്റെ ചുമതലയാണ്. ഈ വിഷയങ്ങൾ എടുക്കുന്നതിലൂടെ നമുക്ക് ഈ മേഖലയിൽ പുരോഗതി നേടാൻ സാധിക്കുന്നതാണ്.

നമ്മെ സംബന്ധിച്ചിടത്തോളം യഥാർഥ ജ്ഞാനം കുടികൊള്ളുന്നത് വിശുദ്ധ ഖുർആനിലാണ്. ശാസ്ത്രത്തിലെ എല്ലാ കാര്യങ്ങളും അടിസ്ഥാനപരമായി നമുക്ക് വിശുദ്ധ ഖുർആനിൽ ദർശിക്കാവുന്നതാണ്. വിശുദ്ധഖുർആന്റെ വിജ്ഞാനം പരലോക ജീവിതത്തിൽ ദൈവതൃപ്തിയുടെ ഫലമായി ലഭിക്കുന്ന സ്വർഗത്തെ കാണിച്ചു തരുന്നതും അതിലേക്ക് വഴികാട്ടുന്നതുമാണ്. ആയതിനാൽ എന്റെ വാക്കുകൾ കേൾക്കുന്ന എല്ലാവരും ഈ വിജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് ലോകത്തിന് പുതിയ ദിശാബോധം നൽകാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

– ആരിഫ് മുഹമ്മദ്




ജീവിതത്തിലെ പല സന്ദർഭങ്ങളിലും അഭിമുഖീകരിക്കേണ്ടി വന്നിട്ടുള്ള ചോദ്യമായിരിക്കും വലുതാവുമ്പോൾ ആരായിത്തീരണമെന്നത്. പലപ്പോഴും അതിനുള്ള നമ്മുടെ ഉത്തരം അറിയില്ല, ആലോചിച്ചിട്ടില്ല എന്നൊക്കെയായിരിക്കും. എന്നാൽ, ആകാശത്തൂടെ പറക്കുന്ന വിമാനത്തെ കാണുമ്പോൾ പൈലറ്റാവണമെന്നു തോന്നാറുണ്ട്. സ്നേഹമയിയായ റ്റീച്ചറെ കാണുമ്പോൾ അവരെപ്പോലെ റ്റീച്ചറാവണമെന്നും തോന്നും. പക്ഷെ ഇതൊക്കെ വെറും ആഗ്രഹമായി അവശേഷിപ്പിച്ചുക്കൊണ്ട് മറ്റെന്തെങ്കിലുമൊക്കെ ആയിത്തീരുകയാണ് പതിവ്. എന്തായിരിക്കുമതിന് കാരണമെന്ന് എപ്പോഴെ ങ്കിലും നിങ്ങളാലോചിച്ചിട്ടുണ്ടോ? ആഗ്രഹത്തെ/സ്വപ്നത്തെ ലക്ഷ്യമായി പരിവർത്തിപ്പിച്ചുക്കൊണ്ട് അതിനെ സ്വന്തമാക്കുന്നതിൽ നാം പരാജയപ്പെട്ടുപോവുന്നു. പൈലറ്റാവണമെന്നു നാം കണ്ട സ്വപ്നം വെറുമൊരു സ്വപ്നം മാത്രമാവാതെ അതൊരു ജീവിതലക്ഷ്യമായിത്തീരുകയും അതിനുവേണ്ടി സ്വയമൊരുക്കുകയും ചെയ്യുമ്പൊൾ നമ്മുടെ സ്വപ്നം യാഥാർത്ഥ്യമായിത്തീരുന്നു. അതിനായി ജീവിതത്തിൽ കൃത്യമായ ലക്ഷ്യങ്ങളുണ്ടാവുകയാണു ഏറ്റവുമാദ്യം വേണ്ടത്. പിന്നീട് അതു നേടാൻ വേണ്ട ആസൂത്രണവും.

വലതുവശത്തെ രണ്ടാമത്തെ ബെഞ്ചിലെ പാറിപ്പറക്കുന്ന മുടിയുള്ള വികൃതിപ്പയ്യന് എന്തോ ചോദിക്കാനുണ്ടെന്നു തോന്നുന്നല്ലോ. എന്താടോ സംശയം ചോദിച്ചോളൂ. മാഷേ ഈ കളക്ടറാവണമെങ്കിൽ എന്താ പഠിക്കേണ്ടത്? കൊള്ളാം നല്ല ചോദ്യം കണ്ടോ അവൻ ലക്ഷ്യത്തെ കണ്ടെത്തിക്കഴിഞ്ഞു, ഇനിയത് നടപ്പിലാക്കാനുള്ള ആസൂത്രണത്തെക്കുറിച്ചാണവനു അറിയേണ്ടത്. പക്ഷെ ബെല്ലടിക്കാൻ സമയമായല്ലോ അടുത്ത ദിവസം നമുക്കതിനെക്കുറിച്ച് ചർച്ച ചെയ്യാം എന്താ പോരെ .

മതി മാഷേ..

(അടുത്ത ലക്കത്തിൽ :
സിവിൽ സർവീസ് പരീക്ഷക്കൊരാമുഖം)

(കരിയർ/കോഴ്സ് സംബന്ധമായ നിങ്ങളുടെ സംശയങ്ങളും വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതി അറിയിക്കാൻ താത്പര്യപ്പെടുന്നു.)

Email: alhaqeditor@gmail.com

അൽഫസ്ൽ
വാർത്താപത്രിക
2014 ജൂൺ
പുസ്തകം 22 ലക്കം 6

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



# ആധുനിക വിജ്ഞാനം നേടുവിൻ!

ആധുനിക വിജ്ഞാനത്തെ എതിർക്കുന്ന മൗലവിമാർ അബദ്ധത്തിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർ തങ്ങളുടെ കുറ്റങ്ങളെയും കുറവുകളെയും മറച്ചുവെയ്ക്കാനാണ് അങ്ങനെ ചെയ്യുന്നത്. ആധുനിക വിജ്ഞാനങ്ങളുടെ ഗവേഷണങ്ങൾ ഇസ്‌ലാമിനെ അവമതിക്കുന്നതും അതിൽ നിന്നും വ്യതിചലിച്ചതുമാണെന്ന ചിന്ത അവരുടെ മനസ്സിൽ രൂഢമൂലമായിരിക്കുകയാണ്. യുക്തിയും ശാസ്ത്രവും ഇസ്‌ലാമിന് തികച്ചും വിരുദ്ധമാണെന്ന് അവർ വാദിക്കുന്നു. ഫിലോസഫിയുടെ കുറവുകൾ വെളിപ്പെടുത്താൻ അവർക്കാവാത്തതിനാൽ തങ്ങളുടെ ഈ കുറവിനെ മറച്ചു വെയ്ക്കാനെന്നോണ മാണ് ആധുനിക വിജ്ഞാനം കരസ്ഥമാക്കുന്നത് അനുവദനീയമല്ലെന്ന കാര്യം അവർ കെട്ടിച്ചമച്ചുണ്ടാക്കിയിരിക്കുന്നത്. ഫിലോസഫി എന്ന് കേൾക്കുമ്പോഴേക്കും അവരുടെ ആത്മാവ് വിറകൊള്ളാൻ തുടങ്ങുന്നു

ദീനിന്റെ സേവനത്തിനും ദൈവ നാമം വാഴ്ത്തപ്പെടുന്നതിനും ഇന്ന് ആധുനിക വിജ്ഞാനം വളരെയധികം കരസ്ഥമാക്കേണ്ട ആവശ്യമാണുള്ളത്. ഇതിനായി വളരെയധികം പരിശ്രമിക്കുക. എന്നാൽ എന്റെ അനുഭവം വെച്ച് ഞാൻ ഒരു കാര്യം നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ വിജ്ഞാനത്തിലേക്ക് മാത്രം പദമൂന്നിയവർ അവർ അതിന്റെ അഗാധങ്ങളിലേക്ക് എത്രത്തോളം മുഴുകിച്ചേരുന്നുവെന്നാൽ അല്ലാഹുവിന്റെ സജ്ജനങ്ങളുടെ കൂടെയിരിക്കാൻ അവർക്ക് അവസരം ലഭിക്കാതെ വരുന്നു. അവരുടെ ഉള്ളിലാണെങ്കിൽ ദൈവിക പ്രകാശം ഇല്ല താനും. അവർക്ക് മാർക്ഷഭ്രംശം സംഭവിക്കുകയും ഇസ്‌ലാമിൽ നിന്ന് അകന്നു പോവുകയും ചെയ്തു. ആ വിജ്ഞാനങ്ങളെ ഇസ്‌ലാമിനു കീഴിൽ കൊണ്ടു വരുന്നതിനു പകരം ഇസ്‌ലാമിനെ അവരുടെ വിജ്ഞാനത്തിനു കീഴിൽ കൊണ്ടു വരാനുള്ള പാഴ്ശ്രമം നടത്തിക്കൊണ്ട് ദീനിനും സമൂഹത്തിനും വേണ്ടി സേവനങ്ങളർപിച്ചവരാണെന്ന് അവർ വിചാരിക്കുന്നു. എന്നാൽ ഒരു കാര്യം ഓർമ്മിച്ചു കൊള്ളുക ദൈവിക പ്രകാശം സ്വായത്തമാക്കിയവനേ ദീനിസേവനങ്ങളർപിക്കാൻ സാധിക്കുകയുള്ളൂ.

(മൽഫൂസാത്ത് വാള്യം 1 പേ. 43)

## വിജ്ഞാനസ്രോതസുകളെ അന്വേഷിക്കുക

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങൾ വിദ്യ സമ്പാദിക്കാനായി ഇന്ന് പള്ളിക്കൂടങ്ങളിലേക്ക് പോവുകയാണ്. ജൂൺ മാസം കൈരളിയെ സംബന്ധിച്ചിടത്തോളം വിജ്ഞാനത്തിന്റെ പുതിയ വാതായനങ്ങൾ തുണ്ക്കുന്ന, പിഞ്ചോമനകളുടെ ജ്ഞാന ദാഹം ശമിപ്പിക്കുന്ന മാസമാണ്. അതേ മാസത്തിലാണ് കേരളത്തിൽ മഴ തുടങ്ങുന്നതും. അതേ, ആ ദാഹത്തെ സർവ്വജ്ഞനായ ദൈവം അനുഗ്രഹിച്ചിരിക്കുകയാണ്; മഴയിലൂടെ അറിവ് മനുഷ്യവികാസത്തിന് അനുപേക്ഷണീയമാണെന്നതിൽ തർക്കമില്ല. മനുഷ്യകുലത്തിന്റെ ഇന്നേവരെയുള്ള പുരോഗതിക്ക് കാരണമായി വർത്തിച്ച പ്രധാന ഘടകം അറിവാണ്. അറിവ് മനുഷ്യൻ ആർജ്ജിക്കുന്ന ഒന്നാണ്. ആരും തന്നെ പണ്ഡിതനായി ജനിക്കുന്നില്ല. അപ്പോൾ മനുഷ്യൻ ആർജ്ജിക്കുന്ന ആ അറിവിന്റെ, വിജ്ഞാനത്തിന്റെ യഥാർഥ സ്രോതസ്സ് ഏതെന്ന് കണ്ടെത്തേണ്ട ചുമതലയും അവനുണ്ട്. വിശുദ്ധ ഖുർആൻ ഈ വിഷയം നമ്മുടെ മുൻപിൽ അവതരിപ്പിക്കുന്നുണ്ട്.

നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ കിടന്നും അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ ബുദ്ധിമാന്മാർ ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമേ. (3:192)

അതായത്, എല്ലാ വിജ്ഞാനീയങ്ങളും അവസാനം ചെന്നെത്തുന്നത് എല്ലാത്തിന്റെയും സ്രോതസ്സായ ദൈവത്തിലേക്കാണ്.ആ ദൈവത്തെ പ്രാപിക്കലാണ് നമ്മുടെ പഠനങ്ങളുടെയും പഠിപ്പിക്കലിന്റെയുമൊക്കെ മുഖ്യലക്ഷ്യം. എന്ന് നാം ഈ അനിവാര്യ ലക്ഷ്യത്തെ പിന്തള്ളുന്നുവോ അന്ന് നമുക്ക് നമ്മുടെ വിദ്യാഭ്യാസത്തിന്റെ പരിശുദ്ധി നഷ്ടപ്പെടും. ഇന്ന് നമ്മുടെ നാട്ടിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതും മറ്റൊന്നല്ല. വിദ്യാഭ്യാസം മറ്റെല്ലാത്തിനെയും പോലെ കച്ചവടച്ചരക്കായി മാറിയിരിക്കുന്ന, ഗുരുശിഷ്യ ബന്ധത്തിന് യാതൊരു വിലയും കല്പിക്കാത്ത കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. നമ്മുടെ മക്കളെങ്കിലും ഈ മാലിന്യം പുരളാത്ത, ശുദ്ധമായ ജ്ഞാനം നേടുന്നവരാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

(ആരിഫ് മുഹമ്മദ് ശാഹിദ്)




സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# ദുആ സ്വീകരിക്കപ്പെടുന്നു

മിയാൻ ഫയാസ് അലി സാഹിബ് എഴുതുന്നു.

ഹോശിയാർ പൂറിൽ മൾർ അലി എന്ന് പേരുള്ള ഒരു സമ്പന്നൻ ഉണ്ടായിരുന്നു. ഹദ്റത് മസീഹ് മൗഊദ് (അ) അദ്ദേഹത്തിന്റെ വീട്ടിൽ താമസിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിനും ഹുസൂറിനെ വലിയ വിശ്വാസമായിരുന്നു. ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) മൾർ അലിയുടെ കിടക്കക്ക് തീ പിടിക്കുന്ന തായി സ്വപ്നം കാണുകയുണ്ടായി. ഹുസൂർ ഈ ദർശനത്തെ സംബന്ധിച്ച് അയാളെ അറിയിക്കുകയും ഉടൻ തന്നെ ഹോശിയാർ പൂറിൽ നിന്നും താമസം മാറുവാനും നിർദ്ദേശിച്ചു. ഈ കത്ത് അയാളുടെ മകന് ലഭിച്ചു. അദ്ദേഹം അത് തന്റെ പിതാവിന്റെ തലയണക്കടിയിൽ വയ്ക്കുകയും ഉറക്കം ഉണരുമ്പോൾ പിതാവ് അത് വായിച്ചുകൊള്ളുമെന്നും ധരിച്ചു. എന്നാൽ ദൈവിക വിധി നിറവേറി. കിടക്കയ്ക്ക് തീ പിടിക്കുകയും മൾർ അലിക്ക് കത്ത് ലഭിക്കാതെ വരികയും ചെയ്തു. അദ്ദേഹത്തിന്റെ മകനാകട്ടെ ആ കത്തിനെ കുറിച്ച് സൂചിപ്പിക്കാൻ ഓർത്തതും ഇല്ല. അല്പ നാളുകൾക്ക് ശേഷം മുഹറം മാസം വന്നു. ആ സമയത്ത് ഹോശിയാർ പൂറിൽ ഒരു മുസ്‌ലിം കലാപം പൊട്ടിപ്പുറപ്പെട്ടു. ശൈഖ് മൾർ അലി സാഹിബിനെ തിരെ കുറ്റം ആരോപിക്കപ്പെടുകയും രാജ്യദ്രോഹകുറ്റത്തിന് കേസ് എടുക്കുകയും ചെയ്തു. കോടതിയിൽ നിന്നും സ്വത്തുക്കൾ കണ്ടുകെട്ടാനും തൂക്കിലേറ്റാനും വിധിക്കപ്പെട്ടു. ശേഖ് സാഹിബ് ഹുസൂർ(അ) ന്റെ സവിധത്തിൽ ദുആക്കായി അപേക്ഷിച്ചു. ഹുസൂർ(അ) ദുആ ചെയ്യുകയും അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് പറയുകയും ചെയ്തു. അങ്ങനെ ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും ശേഖ് മൾർ അലി സാഹിബിനെ അഭിമാനപുരസ്സരം വിടുതൽ നൽകുകയും ചെയ്തു. ആ നാളുകളിൽ ഖാജാ കമാലുദ്ദീൻ സാഹിബിന്റെ ലക്ചർ ലുധിയാനയിൽ നടന്നു വരികയായിരുന്നു. ഡോ. സാദിഖ് സാഹിബും കപൂർത്തല ജമാഅത്തംഗങ്ങളും ലക്ചർ ശ്രവിക്കാനായി പോയി. ഡോ. സാഹിബ് പറയുന്നു. ശേഖ് മൾർ അലി സാഹിബും അദ്ദേഹത്തിന്റെ മിത്രങ്ങളും ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ ദുആ മുഖേനയാണ് മോചനം ലഭിച്ചത് എന്ന വാർത്ത തെറ്റാണെന്ന് പ്രചരിപ്പിച്ചിരുന്നു. ധാരാളം ആളുകൾ ദുആ ചെയ്തിട്ടുണ്ട് എന്നും മിർസാ സാഹിബിന്റെ ദുആക്ക് എന്ത് സവിശേഷതയാണ് ഉള്ളത് എന്നും അവർ പറഞ്ഞിരുന്നു. ഈ സംഭവത്തെ കുറിച്ച് കപൂർത്തല ജമാഅത്ത് ഹദ്റത് മസീഹ് മൗഊദ്(അ) നെ എഴുതി അറിയിക്കുകയുണ്ടായി. ഹദ്റത് മസീഹ് മൗഊദ്(അ) ഈ സംഭവത്തെ പ്രതിപാദിച്ച് കൊണ്ട് ഒരു വിളംബരം എഴുതി. അതിൽ എന്റെ ദുആ കൊണ്ട് ശേഖ് മൾർ അലിക്ക് മോചനം ലഭിച്ചതെന്നും ആകയാൽ ശേഖ് മൾർ അലി ഇത് പത്രത്തിൽ വിളംബരപ്പെടുത്തുക അല്ലെങ്കിൽ അദ്ദേഹത്തിനെതിരിൽ ആകാശത്ത് വീണ്ടും കേസ് എടുക്കപ്പെടുകയും അയാൾക്ക് കഠിനമായ ശിക്ഷ ലഭിക്കുകയും ചെയ്യു ന്നതാണ് എന്ന് പ്രഖ്യാപനം നടത്തുകയും ചെയ്തു. വിളംബരം ശേഖ് മൾർ അലിക്ക് രജിസ്ട്രർ ആയി അയച്ചു കൊടുക്കുകയും ചെയ്തു. അയാൾ വളരെയധികം ഭയപ്പെടുകയും ഹദ്റത് മസീഹ് (അ) ന്റെ ദുആ സ്വീകാര്യത അംഗീകരിക്കുകയും പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ജയിലിൽ നിന്ന് തിരികെ വന്നപ്പോൾ തനിക്ക് കത്ത് ലഭിച്ചെന്നും ഹദ്റത് മസീഹ് മൗഊദ്(അ) ഹോശിയാർ പൂറിൽ നിന്നും മാറിനിൽക്കാൻ തന്നോട് നിർദ്ദേശിച്ചതായും ആ കത്ത് കൃത്യസമയത്ത് ലഭിച്ചിരുന്നുവെങ്കിൽ താൻ തീർച്ചയായും ഹോശിയാർ പൂറിൽ നിന്നും മാറി നിന്നിരുന്നേനെ എന്നും അയാൾ ആ വിളംബരത്തിൽ കൂട്ടിച്ചേർത്തു.

(സീറത്തുൽ മഹ്ദി വാല്യം:2)

mta INTERNATIONAL
REACHING THE CORNERS OF THE EARTH
ABS-2, Position: 75 Degree East
Frequency: 12523.75 Mhz
Symbol Rate:30000, FEC: 1/2
Polarisation: Horizontal
(www.mta.tv)

പ്രകാശം ചൊരിയുന്ന നക്ഷത്രങ്ങൾ

അസ്ഹാബീ കന്നുജൂമി
ബിഅയ്യിഹും ഇഖ്തദയ്തും ഇഹ്തദയ്തും
എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് ശമാസ് ഇബ്നു ഉസ്മാൻ ഖുറയ്ശി (റ)

**വംശാവലി:** ഹദ്റത് ശമാസ് (റ) ന്റെ യഥാർഥ നാമം പിതാവിന്റെ നാമത്തോടനുബന്ധിച്ച് ഉസ്മാൻ എന്നായിരുന്നു. എന്നാൽ വെളുത്തനിറം കാരണത്താൽ മുഖം സൂര്യനെ പോലെ തിളങ്ങുമായിരുന്നു. അക്കാരണത്താൽ അദ്ദേഹത്തിന്റെ സ്ഥാനപ്പേര് ശംസ് (സൂര്യൻ) എന്നും അത് പിന്നീട് ശമാസ് (സൂര്യനെപോലെ തിളങ്ങുന്ന മുഖമുള്ളയാൾ) എന്നായി മാറുകയും ചെയ്തു. മാതാവ് സഫിയ അബ്ദുശംസ് തലമുറയിൽ പെട്ടതാണ്. പത്നി ഉമ്മെ ഹബീബ് അദ്യകാല ഹിജ്റത് ചെയ്ത മുസ്ലിം സ്ത്രീകളിൽ ഉൾപ്പെടുന്നു.

### ഹിജ്റത്

അദ്ദേഹം ആദ്യകാലഘട്ടത്തിൽ തന്നെ ബയ്അത്ത് ചെയ്തവരിൽ ഉൾപ്പെടുന്നു. മക്കക്കാരുടെ എതിർപ്പ് സഹിക്കാൻ കഴിയാതായപ്പോൾ ഹബ്ശയിലേക്ക് ഹിജ്റത് ചെയ്തു. ഹബ്ശയിലേക്ക് ഹിജ്റത് ചെയ്ത രണ്ടാമത്തെ സംഘത്തിൽ അദ്ദേഹവും ഉണ്ടായിരുന്നു. പിന്നീട് അദ്ദേഹത്തിന് മദീനയിലേക്കും ഹിജ്റത് ചെയ്യുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു.

### മദീനയിൽ

മദീനയിലെത്തിയ അദ്ദേഹം ബനൂ അംറ്ബ്നു ഔഫ് മുഹല്ലയിൽ തങ്ങി. ഹദ്റത് മുബശിർ(റ) ഇബ്നു അബ്ദുൽ മുൻസിറിന്റെ പക്കലാണ് തങ്ങിയത്. നബി തിരുമേനി (സ) അദ്ദേഹത്തെ ഖൻസല (റ) ഇബ്നു അബീ ആമിറുമായി സഹോദര ബന്ധം സ്ഥാപിച്ചു നൽകി.

### യുദ്ധക്കളത്തിൽ

ഹദ്റത് ശമാസ് (റ) ബദ്ർ ഉഹദ് യുദ്ധങ്ങളിൽ വളരെ ധീരതയോടെ പോരാടിയിരുന്നു. എന്നാൽ അദ്ദേഹത്തെ പ്രകാശിതമായ മുഖത്തെ പോലെ അദ്ദേഹത്തിന്റെ ജീവിത ചരിത്രത്തിൽ ഏറ്റവും പ്രകാശമായമായ കാര്യം ഉഹദ് യുദ്ധക്കളത്തിൽ നബി തിരുമേനി (സ) യെ സംരക്ഷിച്ചുകൊണ്ട് ജീവനെ സമർപ്പിച്ചതായിരുന്നു.

### നബി (സ)യുടെ പരിച

ഉഹദ് യുദ്ധക്കളത്തിൽ നബി തിരുമേനി (സ) യുടെ മുന്നിലും പിന്നിലും ഇടതും വലതും ഹദ്റത് അബൂത്വൽഹ അൻസാരി (റ) നെയും ഹദ്റത് ത്വൽഹ (റ) നെയും പോലുള്ള ധീര പോരാളികളായിരുന്നു. അവർ നബി (സ) ക്ക് നേരെ വരുന്ന ഓരോ ശരങ്ങളെയും തങ്ങളുടെ കയ്യും മുഖവും കൊണ്ട് തടഞ്ഞിരുന്നു. അവരോടൊപ്പം ഹദ്റത് ശമാസ് (റ) വും നബി (സ) യുടെ മുന്നിൽ നിലയുറപ്പിച്ചിരുന്നു. തൽസംബന്ധമായി നബി(സ) സ്വയം പരാമർശിച്ചിട്ടുണ്ട്. നബി (സ) പറയുന്നു."ശമാസ് (റ) നെ അഥവാ എന്തിനോടെങ്കിലും ഉപമിക്കാൻ സാധിക്കുമെങ്കിൽ ഞാൻ പരിചയോട് ഉപമിക്കുന്നതാണ്. അദ്ദേഹം ഉഹദ് യുദ്ധക്കളത്തിൽ എനിക്കാ യി ഒരു പരിചയായിതന്നെ മാറിയിരുന്നു. എന്റെ മുന്നിലും പിന്നിലും ഇടതും വലതും മാറി മാറി നിന്ന് എന്നെ സംരക്ഷിച്ചു കൊണ്ട് അവസാനശ്വാസം വരെ പോരാടിയിരുന്നു."

### ശത്രുക്കളെ പിന്തിരിപ്പിക്കുന്നു

എങ്ങോട്ട് നോക്കിയാലും നബി(സ) ക്ക് ശമാസ്(റ) വളരെ ധീരതയോടെ പോരാടുന്നതായി കാണാമായിരുന്നു. ഏതൊരു ശത്രുവും മുന്നോട്ട് കുതിക്കാൻ ശ്രമിച്ചപ്പോഴെല്ലാം തന്നെ ശമാസ്(റ)തന്റെ വാളുകൊണ്ട് പോരാടി അവരെ പിന്തിരിപ്പിക്കുമായിരുന്നു.

### അടങ്ങാത്ത വീര്യം

ശത്രുക്കളുടെ ലക്ഷ്യം നബി തിരുമേനി (സ) ആയിരുന്നു.അവർ നബി(സ)യെ ആക്രമിക്കുന്നതിൽ വിജയിക്കുകയും നബി (സ) മുറിവേറ്റ് അബോധാവസ്ഥയിൽ കിടന്നപ്പോഴും ശമാസ്(റ) നബി(സ) യുടെ മുന്നിൽ പരിചയായി നിലയുറപ്പിച്ചുകൊണ്ട് പോരാടിയിരുന്നു. അവസാനം അദ്ദേഹം മുറിവേറ്റ് വീണു.

### ശുശ്രൂഷിക്കുന്നു

അതേ അവസ്ഥയിൽ അദ്ദേഹത്തെ മദീനയിലേക്ക് കൊണ്ടു വന്നു. ഹദ്റത് ആയിശ (റ) ന്റെ ഭവനത്തിൽ പരിചരണത്തിനായി കിടത്തി. ഹദ്റത് ഉമ്മെ സൽമ തന്റെ ആഗ്രഹം വെളിപ്പെടുത്തിക്കൊണ്ട് പറഞ്ഞു, അദ്ദേഹം തന്റെ പിതൃസഹോദരപുത്രനാണ്. ആയതിനാൽ പരിചരണത്തിനായി തന്റെ ഭവനത്തിലേക്ക് കൊണ്ടു വന്നാലും. അങ്ങനെ അവിടെ അദ്ദേഹത്തെ ശുശ്രൂഷിച്ചു.

### വിടപറയുന്നു

മാരകമായി മുറിവേറ്റ ആ അവസ്ഥയിൽ അദ്ദേഹം ഒരു പകലും രാത്രിയും ഒന്നും തന്നെ കഴിക്കാൻ കഴിയാത്ത അവസ്ഥയിൽ കഴിച്ചു കൂട്ടി. അതേ അവസ്ഥയിൽ തന്നെ അദ്ദേഹം വഫാത്താകുകയും ചെയ്തു.

### ശുഹദാക്കളുടെ പദവി

നബി (സ) പറഞ്ഞു, മറ്റുള്ള ശുഹദാക്കളെ അടക്കിയതു പോലെ ശമാസിനെയും അതേ വസ്ത്രത്തിൽ തന്നെ ഖബറടക്കുക. വീണ്ടും പറഞ്ഞു, ശുഹദാക്കളുടേത് പോലെ അദ്ദേഹത്തിന്റെ പ്രത്യേക ജനാസ നമസ്കാരവും ഉണ്ടായിരിക്കുന്നതല്ല. മറ്റ് ശുഹദാക്കളെ പോലെ തന്നെ അദ്ദേഹത്തെയും ഉഹദ് മൈതാനത്തു തന്നെ ഖബറടക്കുകയും ചെയ്യുക. അതായത് എല്ലാ നിലയിലും നബി തിരുമേനി(സ) അദ്ദേഹത്തിന് ഉഹദിലെ ശുഹദാക്കളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ശഹീദാക്കപ്പെട്ട സമയത്ത് ആ സുന്ദരനായ സൗഭാഗ്യവാന്റെ പ്രായം 34 വയസ്സായിരുന്നു.


### അനുശോചന കവിത

അകാലത്തിലുള്ള വേർപാടിൽ അദ്ദേഹത്തിന്റെ കുടുംബത്തിന് ദുഃഖം ഉണ്ടാകുക സ്വാഭാവികമാണ്. ഹദ്റത് ഹസാനിബ്നു സാബിത് (റ) ശോകകവിത എഴുതി. അതിൽ അദ്ദേഹത്തിന്റെ സഹോദരിക്ക് അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു, "അല്ലയോ ശമാസിന്റെ സഹോദരി! സഹനം കൈക്കൊള്ളുക. നോക്കുക ശമാസും ഒരു മനുഷ്യനായിരുന്നു. അദ്ദേഹവും ഹദ്റത് ഹംസ(റ) യെപോലെ നബി (സ) യ്ക്കായി സമർപ്പിക്കപ്പെട്ടു. അതിനാൽ ഇത് ക്ഷമയുടെ കാര്യമാണ്. നീയും ഇതിൽ ക്ഷമ കൈക്കൊള്ളുക."

### നബി (സ)യുടെ സാക്ഷ്യപത്രം

അദ്ദേഹത്തിന്റെ പേര് രിവായത്തുകളിൽ അധികം അറിയപ്പെടുന്നില്ലെങ്കിലും അദ്ദേഹത്തിന് നബി തിരുമേനി (സ) തന്റെ മുന്നിലും പിന്നിലും സംരക്ഷണം നൽകിയവരിൽ പരിചയായി എടുത്തു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന് കൂറിന്റെ സാക്ഷ്യപത്രം നൽകുകയാണുണ്ടായത്.

# ജ്ഞാനമാണ് മനുഷ്യ ബുദ്ധിയുടെ പുരോഗതിക്കു കാരണം



ഹ:ഖലീഫത്തുൽ മസീഹ് സാനി(റ)

ജ്ഞാനം അഭിവൃദ്ധിപ്പെടുന്നതിന് വിവിധ വിജ്ഞാനങ്ങളെ സംബന്ധിച്ച് അത് മതപരമോ ഭൗതികമോ ആയാലും ശരി, അതിൽ അവഗാഹം നേടിയവരുടെ പ്രസംഗങ്ങൾ വെയ്ക്കണമെന്ന് കഴിഞ്ഞ ജൽസയുടെ അവസരത്തിൽ ഞാൻ പറഞ്ഞിരുന്നു. എന്തെന്നാൽ, വിവിധ വിജ്ഞാനങ്ങൾ മനുഷ്യ ധൈഷണികമായ പുരോഗതിക്ക് കാരണമാകുന്നു. ചിലപ്പോൾ മനുഷ്യൻ മതപരമായ നിലയിൽ ചില സ്ഥാനങ്ങൾ കരസ്ഥമാക്കുന്നുവെങ്കിലും ഭൗതിക ജ്ഞാനത്തിന്റെ അഭാവം കാരണത്താൽ നിന്ദ്യനായി തീരുന്നു.

ഹദറത്ത് മസീഹ് മൗഊദ്(അ) ഒരു പ്രസിദ്ധനായ മഹാന്റെ സംഭവം വിവരിക്കാറുണ്ട്. രാജാവിന്റെ മന്ത്രിമാരിൽ ഒരാൾ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. ആ ശിഷ്യൻ എന്നും രാജാവിനെ തന്റെ ഗുരുവിനെ സന്ദർശിക്കാനായി ക്ഷണിക്കാറുണ്ടായിരുന്നു. എന്നാൽ ആ ക്ഷണം നിരസിക്കാറാണ് പതിവ്. മന്ത്രി ഒരുപാട് നിർബന്ധിച്ചപ്പോൾ ആ വ്യക്തിക്ക് ഇത്ര വലിയ മഹത്വമെന്താണെന്ന് അറിഞ്ഞാൽ കൊള്ളാമെന്ന് രാജാവിന് തോന്നി. അങ്ങനെ രാജാവ് മഹാനായ ആ വ്യക്തിയുടെ അടുത്തെത്തി. രാജാവ് വന്നിരിക്കയാണല്ലോ നല്ല ഇംപ്രഷൻ ഉണ്ടാക്കിയെടുക്കണമെന്ന് ആ മഹാനും വിചാരിച്ചു. അങ്ങനെ അദ്ദേഹം രാജാവിനെ ഉപദേശിക്കാൻ തുടങ്ങി. രാജാവ് തന്റെ ശിഷ്യനായിത്തീരുമാറ് വിജ്ഞാനം പ്രകടിപ്പിക്കാൻ അദ്ദേഹം ഉദ്ദേശിച്ചു. അങ്ങനെ അദ്ദേഹം പ്രസംഗിക്കാൻ തുടങ്ങി. പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: രാജാക്കന്മാർ പ്രജകളോട് നീതിയോടെ വർത്തിക്കേണ്ടതാണ്. അവരോട് അക്രമം അരുത്. മുസ്‌ലിം രാജാക്കന്മാരിൽ ഒരു രാജാവായിരുന്നു അലക്സാണ്ടർ. അദ്ദേഹം മുഹമ്മദ് നബി(സ)ക്ക് ആയിരം വർഷം മുമ്പേ ജീവിച്ച ആളായിരുന്നു.

രാജാവ് ഇതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ മുഖം വിവർണ്ണമായി. ആവ്യക്തി പടു ജാഹിലാണെന്ന് രാജാവിന് മനസ്സിലാവുകയും അദ്ദേഹം അവിടുന്ന് എഴുന്നേറ്റ് പോവുകയും ചെയ്തു. ആ വ്യക്തിയെ തന്റെ സ്വാർത്ഥതയാണ് നശിപ്പിച്ചത്. വേണ്ട ജ്ഞാനം ഇല്ലാത്തത് കാരണം നിന്ദ്യനായി തീരുകയും ചെയ്തു.

മഹാന്മാരായ വ്യക്തികളെല്ലാം അലക്സാണ്ടർ ആരായിരുന്നുവെന്ന് അറിഞ്ഞിരിക്കേണ്ട ആവശ്യമൊന്നും ഇല്ലെങ്കിലും മേൽ പ്രസതാവിച്ച മഹാനായ വ്യക്തി തന്റെ മഹത്വം കാണിക്കാനും ചരിത്രത്തിൽ തനിക്ക് ആവോളം വിവരമുണ്ട് എന്ന് പ്രകടിപ്പിക്കാനും വേണ്ടി തെറ്റായ ഒരു കാര്യം പറയുകയാണ് ചെയ്തത്. അതാണെങ്കിൽ അദ്ദേഹത്തിന്റെ നിന്ദ്യതയ്ക്ക് കാരണമായിതീരുകയും ചെയ്തു ആയതിനാൽ കുറഞ്ഞ പക്ഷം അത്തരം വിജ്ഞാനങ്ങൾ നാം സ്വായത്തമാക്കേണ്ടതാണ്. പല സമയങ്ങളിലായി വിവിധ വൈജ്ഞാനിക വിഷയങ്ങളെ സംബന്ധിച്ച് പ്രസംഗങ്ങൾ നടത്തണമെന്ന് ഞാൻ പറഞ്ഞതും അതുകൊണ്ടാണ്.

ഇൽമ് എന്നതിനർഥം സത്യം മാത്രമാണ് എന്ന അഭിപ്രായം എനിക്കില്ല. ഇൽമ് പലവിധമുണ്ട്. ചിലത് സത്യവും സമ്പൂർണ്ണവുമായിരിക്കും. ചിലത് അസത്യവും അപൂർണ്ണവുമായിരിക്കും. എന്നിരുന്നാലും അവയൊക്കെ ഇൽമ് എന്ന് പറയപ്പെടുന്നു.

പൊതുവായി ഇൽമ് രണ്ടു വിധമാണുള്ളത്. മതപരവും ഭൗതികവും. മതപരമായ വിജ്ഞാനത്തെക്കുറിച്ച് ആദ്യം പറയാം.

മതപരമായ ജ്ഞാനത്തെക്കുറിച്ച് പറയുന്നതിനുമുമ്പ് മതം എന്താണെന്നും മതങ്ങൾ തമ്മിൽ പരസ്പര വ്യത്യാസമുള്ളത് ഏതൊക്കെ കാര്യങ്ങളിലാണെന്നും അറിയേണ്ടത് അനിവാര്യമാണ്. മൂന്നു കാര്യങ്ങളിലാണ് ഭിന്നാഭിപ്രായമുള്ളതെന്ന് അവയെക്കുറിച്ച് ചിന്തിച്ചാൽ മനസ്സിലാവും. അവയെക്കുറിച്ച് ഞാൻ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല. മതങ്ങളുടെ ചില വശങ്ങളെക്കുറിച്ചു മാത്രം വിശദീകരിക്കുന്നതായിരിക്കും. മൂന്നു കാര്യങ്ങളെ സംബന്ധിച്ചാണ് മതങ്ങളിൽ ഭിന്നാഭിപ്രായം ഉള്ളത്. ഒന്ന്, മനുഷ്യൻ ഭൂമിയിൽ വന്നതെങ്ങനെ? രണ്ട്, ഈ ലോകത്ത് അവൻ വന്നിട്ടുള്ളതിന്റെ ഉദ്ദേശ്യം എന്ത്? മൂന്ന്,അവൻ ഇനി എങ്ങോട്ട് പോകും? മതങ്ങളിൽ ഭിന്നാഭിപ്രായമുണ്ടാകാനും വ്യത്യസ്ത മതങ്ങൾ ഉണ്ടായി വന്നതിനും ഈ മൂന്നു കാരണങ്ങളാണുള്ളത് .

ഇസ്‌ലാമിക വിജ്ഞാനീയത്തിൽ പ്രഥമമായിട്ടുള്ളത് വിശ്വാസകാര്യങ്ങളാണ്. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ദൈവാസ്തികൃവും. ഇത് വെറുമൊരു സാധാരണ വിശ്വാസമല്ല. ഒരുപാട് ചർച്ചകൾ നടന്നിട്ടുള്ള വിഷയമാണിത്. ഉദാ: ദൈവത്തെ കാണാൻ സാധിക്കുമോ? അവനെ പ്രാപിക്കാൻ സാധിക്കുമോ? അവനെ പ്രാപിക്കുന്നതിന്റെ ലക്ഷണമെന്തെല്ലാം? മനുഷ്യരുമായി അവൻ ബന്ധപ്പെടുന്നതെങ്ങനെ? നാമും ദൈവവും തമ്മിലുള്ള ബന്ധമെന്ത്?

ചുരുക്കത്തിൽ ദൈവാസ്തികൃത്തിന്റെ ഒരുപാട് ശാഖകളുണ്ട്. കഴിഞ്ഞ് ജൽസയിൽ ഒമ്പത് മണിക്കൂറോളം ഞാൻ ഈ വിഷയത്തെ സംബന്ധിച്ച് പ്രസംഗിച്ചിരുന്നു.

*- ആരിഫ്*

പുണ്യാത്മാക്കൾ

# ഹദ്റത് മിയാൻ ഫഖീർ മുഹമ്മദ് സാഹിബ് (റ)

**വംശാവലി:**പിതാവ്: ഹീരാ. സമുദായം: ജാട്ട്. ഗ്രാമം: ഗുർദാസ്പൂർ ജില്ലയിലെ ബട്ടാല താലൂക്കിലെ വൻചവാൻ. ജനനം: 1877 ൽ.

**ബയ്അത്ത്:** 1903 മാർച്ചിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹം വൻജവാൻ ജമാഅത്തിന്റെ അമീറായിരുന്നു.

## തൊഴിൽ

അദ്ദേഹം കൃഷിക്കാരനായിരുന്നു. വൻജവാൻ ഗ്രാമത്തിൽ അദ്ദേഹത്തിന് കൃഷിഭൂമി ഉണ്ടായിരുന്നു.

## ഖലീഫ സാനി (റ) ന്റെ ആഗ്രഹം

1939 ൽ രണ്ടാം ഖിലാഫത്തിന്റെ 25 വർഷങ്ങൾ പൂർത്തിയായ വേളയിൽ ജമാഅത്ത് ഖിലാഫത്ത് ജൂബിലി ആഘോഷിക്കുവാൻ തീരുമാനിച്ചു. അഹ്മദിയ്യത്തിന്റെ പതാക തയ്യാറാക്കുന്നതിനായി അനുമതി തേടിയപ്പോൾ അനുമതി നൽകിക്കൊണ്ട് ഖലീഫത്തുൽ മസീഹ് സാനി (റ) തന്റെ ഒരാഗ്രഹം തൽ സംബന്ധമായി വെളിപ്പെടുത്തി. അതായത് പതാക തയ്യാറാക്കുന്നതിനായി ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ സഹാബികളിൽ നിന്ന് അല്പം പൈസ സ്വരൂപിച്ച് അത് കൊണ്ട് പഞ്ഞി വാങ്ങി അത് സഹാബാക്കൾ തന്നെ നൂലാക്കി സ്ത്രീസഹാബികൾക്ക് നൽകുകയും അവരതിനെ തുണിയാക്കി മാറ്റണം. സഹാബാക്കൾ തന്നെ മരത്തടി അന്വേഷിച്ച് കണ്ടെത്തി പതാകയെ അതിൽ കെട്ടി ജമാഅത്തിന്റെ പ്രതിനിധികളെ ഏൽപ്പിക്കണം.

## ആഗ്രഹം സഫലീകരിക്കപ്പെടുന്നു

ഈ ആഗ്രഹത്തെ കുറിച്ച് മിയാൻ ഫഖീർ മുഹമ്മദ് സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഉടൻ ഖാദിയാനിൽ എത്തുകയും ഹദ്റത് അമ്മാജാന് കുറച്ച് നൂല് നൽകിക്കൊണ്ട് പറഞ്ഞു, ഞാൻ ഹദ്റത് മീർസാ ബശീറുദ്ദീൻ സാഹിബിന്റെ ആഗ്രഹം പൂർത്തിയാക്കുന്നതിനായി സ്വന്തം കൈകൊണ്ട് വിത്ത് പാകുകയും സ്വയം വെള്ളം നനച്ച് പരിപാലിക്കുകയും സ്വയം അറുത്തെടുത്ത് സഹാബാക്കളുടെ കൈകളാൽ വീട്ടിൽ വെച്ചു തന്നെ നൂലാക്കി കൊണ്ടു വന്നിരിക്കുകയാണ്.

## വീണ്ടും ആവശ്യപ്പെടുന്നു

പ്രസ്തുത നൂലിനെ സംബന്ധിച്ച് അറിഞ്ഞപ്പോൾ ഖിലാഫത്ത് ജൂബിലി കമ്മിറ്റി സെക്രട്ടറി അദ്ദേഹത്തോട് ഇനിയും അത്തരത്തിലുള്ള നൂലുണ്ടെങ്കിൽ കൊണ്ടുവരാൻ നിർദേശിച്ചു. ഉടൻ തന്നെ അദ്ദേഹം തന്റെ പക്കലുണ്ടായിരുന്ന ശേഷിച്ച നൂലും ഖാദിയാനിലേക്ക് എത്തിച്ചു. അതും കൊണ്ടാണ് പിന്നീട് അഹ്മദിയ്യത്തിന്റെ പതാക ഉണ്ടാക്കിയത്. അങ്ങനെ അദ്ദേഹത്തിന് അതിൽ മുഖ്യമായി പങ്ക് വഹിക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു.

## സിന്ധിലേക്ക് വിളിക്കുന്നു

മിയാൻ ഫഖീർ മുഹമ്മദ് സാഹിബിന് പാമ്പുകളെയും തേളുകളെയും പേടിയായിരുന്നു. അദ്ദേഹത്തിന്റെ ഏതാനും ബന്ധുക്കൾ സിന്ധിൽ താമസിച്ചിരുന്നു. ഒരിക്കൽ സിന്ധിലുള്ള അദ്ദേഹത്തിന്റെ ഒരു ബന്ധു മരിച്ചു എന്നുള്ള കത്ത് ലഭിച്ചു. കൃഷിയിൽ സഹായത്തിന് ആളെ ആവശ്യമുണ്ടെന്നും ഉടൻ തന്നെ അദ്ദേഹത്തോട് സിന്ധിലേക്ക് എത്തണമെന്നും ആ കത്തിൽ എഴുതിയിരുന്നു. അത് വായിച്ചപ്പോൾ അദ്ദേഹത്തിന് അതിയായ ഭയം തോന്നി. കാരണം സിന്ധിൽ ധാരാളം പാമ്പുകളും തേളും ഉണ്ടെന്ന് അദ്ദേഹം കേട്ടിരുന്നു.

## ഖാദിയാനിൽ

അവസാനം അദ്ദേഹം ഹദ്റത് മസീഹ് മൗഊദ് (അ) നോട് തൽസംബന്ധമായി അഭിപ്രായം ചോദിക്കാൻ തീരുമാനിച്ചു. അതിനായി അദ്ദേഹം വൻജവാനിൽ നിന്നും ഖാദിയാനിലേക്ക് യാത്രയായി. ഖാദിയാനിൽ എത്തിയപ്പോൾ ബയ്ത്തുദിക്റിൽ നമസ്കാരം നടക്കുകയായിരുന്നു. അബ്ദുൽ കരീം സാഹിബായിരുന്നു ഇമാം. അദ്ദേഹത്തിന്റെ പിന്നിൽ മസീഹ് മൗഊദ് (അ) നമസ്കരിക്കുകയായിരുന്നു. കൂടാതെ ആറോ ഏഴോ പേരാണ് നമസ്കാരത്തിന് ഉണ്ടായിരുന്നത്. അദ്ദേഹം മസീഹ് മൗഊദ് (അ) ന്റെ അരികിൽ നിന്ന് നമസ്കരിച്ചു.

## ദുആ ചെയ്യുന്നു

നമസ്ക്കാരശേഷം അദ്ദേഹം മസീഹ് മൗഊദ് (അ) നോട് എല്ലാം വിശദമായി പറഞ്ഞു. തനിക്ക് പാമ്പിനേയും തേളിനേയും പേടിയാണെന്നും അവിടെ അത് ധാരാളം ഉണ്ടെന്നും പറഞ്ഞു. ഹദ്റത് മസീഹ് മൗഊദ്(അ) എല്ലാം കേട്ടുകൊണ്ടിരുന്നു. തലതാഴ്ത്തി തസ്ബീഹ് ചെയ്തു കൊണ്ടിരുന്നു. അദ്ദേഹം എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ ഹുസൂർ തല ഉയർത്തി അദ്ദേഹത്തെ നോക്കി. അപ്പോൾ തന്നെ അദ്ദേഹത്തിന്റെ മനസിൽ എന്തോ ശക്തമായ പ്രഭാവം ഉണ്ടായി. തുടർന്ന് മസീഹ് മൗഊദ് (അ) പറഞ്ഞു, "താങ്കൾ സിന്ധിലേക്ക് പൊയ്ക്കൊള്ളുക. താങ്കൾക്ക് ഒന്നും സംഭവിക്കുന്നതല്ല."

## ദുആ സ്വീകരിക്കപ്പെടുന്നു

അങ്ങനെ അദ്ദേഹം സിന്ധിലെത്തി. അതിനുശേഷം അവിടെ വെച്ച് പലതവണ അദ്ദേഹം പാമ്പിനെ കാണുകയുണ്ടായിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന് അല്പം പോലും ഭയം തോന്നിയില്ല. മാത്രമല്ല അദ്ദേഹം കാണുന്ന പാമ്പിനെയെല്ലാം സ്വന്തം കൈകൊണ്ടു പിടിക്കുകയും കൊല്ലുകയും ചെയ്തിരുന്നു. അ ക്കാരണത്താൽ അദ്ദേഹത്തെ അവിടുത്തുകാർ *'പഞ്ചാബി ദേവത'* എന്ന് വിളിക്കാൻ തുടങ്ങി.

## തേൾ ചാകുന്നു

ഒരിക്കൽ അവിടെ പുല്ല് ശേഖരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന് തന്റെ വിരലിൽ എന്തോ കടിച്ചതായി അനുഭവപ്പെട്ടു. ഉടൻ കൈവലിച്ചപ്പോൾ ഒരു തേൾ തന്റെ വിരലിൽ കടിച്ചിരിക്കുന്നതായി കണ്ടു. നോക്കിയപ്പോൾ ആ തേൾ ചത്തിരിക്കുന്നതായി കാണപ്പെട്ടു. അങ്ങനെ അതിനെ അദ്ദേഹം വലിച്ചറിഞ്ഞു.

## മുജാഹിദ്


അദ്ദേഹം തഹ്രീക് ജദീദ് പദ്ധതിയുടെ 5000 മുജാഹിദീംകളിൽ ഒരാളാണ്. വസിയ്യത്ത് പദ്ധതിയിലും അദ്ദേഹം പങ്കാളിയായിരുന്നു.

## ശഹാദത്ത്

1947 ൽ ഇന്ത്യാ പാക്കിസ്താൻ വിഭജന സമയത്ത് സ്വന്തം ഗ്രാമത്തിലെ സ്ത്രീകൾക്കായി കാവൽ നിന്ന് കൊണ്ട് അദ്ദേഹം ശഹീദാക്കപ്പെടുകയുണ്ടായി.

(അൽഫദ്ൽ പത്രം റബ്‌വ)

പുസ്തക പരിചയം
പി.എം.ബി





## ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും
## Islams Response to Contemporary Issues
## എന്ന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം.


**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**
**വിവ: എ.എം.മുഹമ്മദ് സലീം**

വർത്തമാനകാല സമസ്യകളോടുള്ള ഇസ്‌ലാമികസമീപനം കൃത്യമായും യുക്തിഭദ്രമായും ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു.

**ഉള്ളടക്കം**

**1.മതങ്ങൾ തമ്മിലുള്ള സമാധാനവും സൗഹൃദവും**
**2.സാമൂഹിക സമാധാനം**
**3.സാമൂഹിക സാമ്പത്തിക സമാധാനം**
**4.സാമ്പത്തിക സമാധാനം**
**5.രാഷ്ട്രീയ സമാധാനം**
**6.വ്യക്തിപരമായ സമാധാനം**

***പ്രസാധനം: മജ്‌ലിസ് അൻസാറുല്ലാഹ് കേരള***



# WORLD CRISIS
## AND THE PATHWAY TO
# PEACE

A compilation of historical speeches given at various global landmarks by His Holiness, Hadhrat Mirza Masroor Ahmad atba, Head of the worldwide Ahmadiyya Muslim Community. Also includes letters sent to world leaders. His Holiness is highly respected and his life is dedicated to the achievement of peace for all. In this book, he warns the world of the fast approaching dangers it faces. He goes on to explain in detail of how disaster can be averted and global peace may be established.

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## എളിമയും ലാളിത്യവും തേടുക

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമി മുകർറമീ അഖ്‌വീം മീർ അബ്ബാസ് അലി ശാഹ് സാഹിബ് സല്ലമഹുല്ലാഹു തആല

السلام علیکم ورحمۃ اللہ وبرکاتہ

പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് വിനീതൻ ഏതാനും ദിവസമായി അമൃത്സറിലായിരുന്നു. ഇന്ന് മടങ്ങിയെത്തിയപ്പോഴാണ് താങ്കളുടെ കത്ത് കിട്ടിയത്. ഇവിടുന്ന് പോയപ്പോൾ അമൃത്സറിൽ എത്തി അറിയിപ്പ് നൽകി ഒന്ന് രണ്ട് ദിവസത്തേക്ക് താങ്കളുടെ അടുക്കൽ വരണമെന്ന് കരുതിയിരുന്നു. എന്നാൽ ഒരു തീരുമാനവും അല്ലാഹുവിന്റെ സഹായമില്ലാതെ നടക്കുന്നതല്ല. ആയതിനാൽ വിനീതൻ അമൃത്സറിൽ എത്തിയപ്പോൾ രോഗബാധിതനായി. അങ്ങനെ തീരുമാനം മാറ്റിവെക്കേണ്ടി വന്നു. അങ്ങനെ അല്ലാഹുവിൻ നിന്ന് ഒരു തടസം നേരിട്ടു. അവന്റെ പ്രവർത്തനത്തിനു പിന്നിൽ എന്തെങ്കിലും കാരണമുണ്ടാകാതിരിക്കില്ല. മൗലവി അബ്ദുൽ ഖാദർ സാഹിബിന്റെ അവസ്ഥയിൽ മനസ് സന്തോഷിക്കുന്നു. ദൈവീകജ്ഞാന സമ്പാദനവും ഒരു ദൈവജ്ഞാനമാകുന്നു. അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ സാവധാനമാണ് നടക്കുന്നത്. അതിനാൽ അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ വിനീതനും ദുആ ചെയ്യുന്നതാണ്. അവന്റെ അനുഗ്രഹത്താൽ മൗലവി സാഹിബ് ജ്ഞാനിയാണ് എന്നുള്ളത് നല്ല കാര്യമാണ്. വിഢിയുടെ അന്വേഷണം പിശാചിന്റെ ആലയമാകുന്നു. എന്നാൽ ഈ വിനീതന്റെ മാർഗത്തിൽ മൗലവിയത്തും ഒരു വലിയ മറ തന്നെയാകുന്നു. മനുഷ്യൻ മണ്ണാകുന്നു. ഏത് വരെ അവൻ തന്റെ യാഥാർഥ്യത്തിലേക്ക് മടങ്ങിക്കൊണ്ട് മണ്ണാകുന്നില്ലയോ അതുവരെ അല്ലാഹുവിന്റെ ദൃഷ്ടി അവനിൽ പതിക്കുന്നതല്ല. അതിനാൽ ഈ എളിമയും ലാളിത്യവും അതേ സർവശക്തനിൽ നിന്നു തന്നെ തേടേണ്ടതാണ്. ഇഹ്ദിന സ്വിറാത്തൽ മുസ്തഖീം എന്നതിൽ ആവശ്യപ്പെടുന്നതും എളിമയും ലാളിത്യവുമാണ്. മനുഷ്യാത്മാവിൽ ധാരാളം അഹംഭാവവും, നിർഭാഗ്യവും, ധൃതിയും, കാപട്യവും, സ്വാർഥതയും, ഗമയും മറഞ്ഞിരിക്കുന്നു. അല്ലാഹു നീക്കാത്തതു വരെ അത് മാറിപ്പോകുന്നതല്ല. എളിമയ്ക്കും ലാളിത്യത്തിനും തടസമായ വിപത്താകുന്നു ഇത്. അതിനാൽ ഈ വിപത്തിനെ സൃഷ്ടിച്ചവൻ തന്നെ അതിനെ ദുരീകരിക്കുന്നതിനായി വിലപിച്ചുകൊണ്ടും ആർദ്രയോടും കൂടി ദൈവസന്നിധിയിൽ തേടിക്കൊണ്ടിരിക്കുക. പ്രത്യക്ഷ കലഹങ്ങളിൽ വളരെ സൗമ്യത കൈവരിക്കേണ്ടതാണ്.... . മനുഷ്യന്റെ ഹൃദയം പരിശുദ്ധമാകാത്തിടത്തോളം അവന്റെ കലഹങ്ങൾ സ്വേഛയിൽ അധിഷ്ഠിതമായിരിക്കും. അല്ലാഹു പറയുന്നു, **യാഅയ്യുഹല്ലദീന ആമനൂ അലയ്കും അൻഫുസകും ലാ യദുർറുകും മൻ ദല്ല ഇദഹ്തദയ്തും.** (അൽമാഇദ: 106)

വസ്സലാം
ഗുലാം അഹ്മദ്

ഖാദിയാൻ, ഗുർദാസ്പൂർ ജില്ല
1883 നവംബർ 9, 1301 മുഹർറം 8




# അല്ലാഹുവിന്റെ പ്രിയരായി മാറുക



ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)

### മോശക്കാരിൽ നിന്ന് അകന്നു നിൽക്കുക

ഒന്നാമതായി നിങ്ങൾ ചെയ്യേണ്ടത് വികൃതികളും അധമരുമായ കുട്ടികളിൽ നിന്ന് അകന്നു നിൽക്കുകയാണ്. അവരുടെ സഹവാസത്തെ എപ്പോഴും ഉപേക്ഷിക്കുക. കുട്ടികളെ! വികൃതികളായവർ ചെറിയ കുട്ടികളെ ചതിക്കുകയും വഴിതെറ്റിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. അവരുടെ എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടുക. അങ്ങനെയുള്ള കുട്ടികളുടെ ദൃഷ്ടികളും ബുദ്ധിയും ക്ഷയിക്കുന്നു. ശ്രമകരമായ ഒന്നും ചെയ്യാൻ സാധിക്കില്ല. അവരുടെ ജീവിതകാലം മുഴുവനും വളരെ പ്രയാസത്തിലാണ് കഴിഞ്ഞു പോകുക. അവരുടെ ഈ തിന്മകളുടെ ശിക്ഷ ഈ ലോകത്ത് പരലോകത്തിന്റെ മാതൃകയെന്നോണം ലഭ്യമാകാൻ തുടങ്ങുന്നു. അത്തരത്തിലുള്ള കുട്ടികളിൽ നിന്നും സ്വയം രക്ഷപ്പെടേണ്ടതാണ്. ഇത് പൊതുവായി എല്ലാ ആൺകുട്ടികളിലും കാണപ്പെടുന്ന ദുസ്വഭാവമാകുന്നു. അവരുടെ ദുസ്വഭാവത്തിന്റെ പരിണതഫലം അധികവും അവരുമായി ബന്ധപ്പെട്ടിരിക്കുന്നു.

### നീചകർമങ്ങളെ ഒഴിവാക്കുക

എന്നാൽ ചില യുവാക്കൾ തിന്മയിൽ മുന്നോട്ട് ഗമിക്കുന്നു. അവർ പലതരത്തിലും ചെറിയ കുട്ടികളെ നശിപ്പിക്കുന്നു. അവരോട് ചിലപ്പോൾ നീചമായ കാര്യങ്ങൾ സംസാരിക്കുന്നു. ചിലപ്പോൾ സ്വയം അവരുടെ മുന്നിൽ നഗ്നരാകുന്നു. ചിലപ്പോൾ അവരെ നഗ്നരാക്കുന്നു. ചിലപ്പോൾ തങ്ങളുടെ ഗുഹ്യഭാഗത്ത് അവരെ കൊണ്ട് പിടിപ്പിക്കുന്നു. കൂടാതെ പലവിധത്തിലുള്ള പരാമർശയോഗ്യമല്ലാത്ത നീചപ്രവൃത്തികളും ചെയ്യുന്നു.

### ചീത്ത കൂട്ടുകെട്ടിനെ ഉപേക്ഷിക്കുക

ചുരുക്കത്തിൽ ഒന്നാമതായി അധമരും നീചരുമായവരുടെ കൂട്ടുകെട്ടിൽ നിന്നും രക്ഷപ്പെടുക. കാരണം അങ്ങനെയുള്ള കൂട്ട്കെട്ട് മാരകവിഷത്തെ പോലെ ഉള്ളിന്റെയുള്ളിൽ തന്റെ പ്രഭാവം ചെലുത്തുന്നു. അതിൽ നിന്ന് പിന്നീട് രക്ഷപ്പെടുക അസാധ്യമായിത്തീരുന്നു. ചിലപ്പോൾ അത്തരത്തിലുള്ള നീചരായ അദ്ധ്യാപകരും ഉണ്ടാകുന്നു. അവരെ ഒരിക്കലും ഭയപ്പെടരുത്. അല്ലാഹുവിന്റെ തൃപ്തിയെ അവരുടെ തൃപ്തിക്കു മുന്നിൽ മുന്തിക്കുക.

### ഗമ കാണിക്കാതിരിക്കുക

പിന്നീട് വിചിത്രതയിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. കാരണം വിചിത്രമായ വേഷവും, നടപ്പും, രൂപവും അവരെ കുഴിമടിന്മാരാക്കി മാറ്റുന്നു. പണിയെടുക്കുന്നത് തങ്ങളുടെ ഗമയ്ക്ക് കളങ്കമാണെന്നവർ ധരിക്കുന്നു. പണിയെടുക്കുന്നില്ലെങ്കിൽ പിന്നെ വസ്ത്രങ്ങളും ഭക്ഷണവും പൈസയില്ലാതെ എവിടുന്നാണ് കിട്ടുക. അങ്ങനെ വീട്ടിൽ നിന്ന് അവർക്ക് പൈസ ലഭിക്കാതെ വരുമ്പോൾ അവർക്ക് വളരെ മോശമായ തിന്മകളും നീചകർമങ്ങളും ചെയ്യേണ്ടി വരുന്നു. പലരും മോഷണം നടത്തുന്നു. മോഷണം നടത്തിക്കുന്നു. ശീലമായിക്കഴിഞ്ഞാൽ പിന്നീട് ഉപേക്ഷിക്കാൻ സാധിക്കാത്ത ഒരു തിന്മയാണ് മോഷണം. പല മോഷ്ടാക്കളുടെയും ജീവിതം മോഷണത്തിലും ജയിലുമായി കഴിഞ്ഞു കൂടുന്നത് നിങ്ങൾ കേട്ടിട്ടുണ്ടാകും. തടവുകാലം കഴിഞ്ഞാൽ പിന്നീട് അതേ മോഷണം നടത്തുന്നു. വീണ്ടും തടവറയിലേക്ക് പോകുന്നു. അങ്ങനെ അവരുടെ ജീവിതകാലം മുഴുവനും തടവറയിൽ കഴിഞ്ഞുകൂടുന്നു. എന്നാൽ ആ ശീലം ഏതെങ്കിലും ശിക്ഷയിലൂടെ ഇല്ലാതാകുന്നില്ല. അക്കാരണം കൊണ്ടുതന്നെയാണ് ശരീഅത്ത് മോഷ്ടാവിന്റെ കൈവെട്ടുന്നതിനുള്ള കല്പന നൽകിയിരിക്കുന്നത്. ഗമ കാണിച്ചു നടക്കുന്നവർക്ക് അവസാനം നീചരുടെ തൊഴിൽ സ്വീകരിക്കേണ്ടി വരുന്നു. കാരണം അതില്ലാതെ അവർക്ക് കഴിഞ്ഞുപോകാൻ കഴിയില്ല. നീചരുടെ ദീനും ദുൻയാവും എന്താണെന്ന് നിങ്ങൾക്കറിയാമല്ലോ?

### എളിമയുടെ മാതൃക

നോക്കുക, ഇന്ന് ജുമുആ ദിവസമാണ്. ശുചിയായ, പുതിയ വസ്ത്രം ധരിക്കാൻ കല്പനയുണ്ട്. അല്ലാഹു എനിക്ക് അതിനുള്ള കഴിവും നൽകിയിട്ടുണ്ട്. എന്നാൽ നോക്കുക, ഞാൻ ലളിതമായ പൈജാമയാണ് ധരിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ ഗമ കാണിച്ചു നടക്കുന്നതിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. നിശ്ചയമായും രക്ഷപ്പെടേണ്ടതാണ്. നിസാരമായ തിന്മകളിൽ നിന്നാണ് മനുഷ്യൻ വലിയ വലിയ തിന്മകളിലേക്ക് എത്തിപ്പെടുന്നതെന്ന് ഓർത്തുകൊള്ളുക.

### മധുരപലഹാരങ്ങൾ ഒഴിവാക്കുക

അങ്ങാടികളിലെ മധുര പലഹാരങ്ങളുടെ ഉപയോഗം കഴിയുന്നത്ര കുറക്കുക. ഇതും ഒരു ദുശീലമാണ്. അത് ഉപേക്ഷിക്കുക എന്നതും പ്രയാസമാണ്. അതിനും പൈസ ആവശ്യമാണ്. അതിനാൽ പൈസ കിട്ടാനുള്ള എല്ലാ ദുർമാർഗങ്ങളും അതിനായി ഉപയോഗിക്കേണ്ടി വരുന്നു. അതുമൂലവും വളരെ ഭയാനകമായ ദുഷ്ഫലങ്ങൾ ഉണ്ടാകാം. അങ്ങാടിയിൽ നിന്ന് മധുര പലഹാരങ്ങൾ വാങ്ങി കഴിക്കുന്ന ശീലം കുട്ടികൾക്ക് മാരകവിഷം പോലെയാകുന്നു.

### കലഹങ്ങളിൽ നിന്ന് ഒഴിവാകുക

കൂടാതെ സർവവിധത്തിലുള്ള ചീത്ത കൂട്ടുകെട്ടുകളിൽ നിന്നും രക്ഷപ്പെടുക. അലസത, ഭീരുത്വം, അപകർഷതാബോധം എന്നിവയ്ക്ക് ഹൃദയത്തിൽ യാതൊരു സ്ഥാനവും നൽകരുത്. എല്ലാ വിധത്തിലുള്ള കലഹങ്ങളിൽ നിന്നും വഴക്കുകളിൽ നിന്നും രക്ഷപ്പെടുക. അതിനു പകരമായി എല്ലാ നന്മയുടെയും അടിവേരായ നല്ല സഹവാസം സ്വീകരിക്കുക. കാരണം വിശുദ്ധഖുർആൻ പറയുന്നു, *ഇത്തഖുല്ലാഹ വ കൂനൂ മഅസ്വാദിഖീൻ* (അത്തൗബ: 119) അതായത് ഭയഭക്തി കൈക്കൊള്ളുക. അത് സൽപ്രകൃതക്കാരുടെയും സത്യസന്ധരുടെയും സഹവാസത്തിലൂടെയാണ് ലഭിക്കുക.

### സൽസ്വഭാവികളാകുക

വിശുദ്ധഖുർആനിലെ ഒന്നോ രണ്ടോ ആയത്തുകളാണെങ്കിൽ തന്നെയും പ്രാവർത്തികമാക്കുന്നതിനായി പാരായണം ചെയ്യുകയും കേൾക്കുകയും ചെയ്യുക. അഞ്ചുനേര നമസ്കാരങ്ങളും നല്ലനിലയിൽ ജമാഅ

→

# കല്യാണത്തെക്കുറിച്ചും അനാചാരങ്ങളെക്കുറിച്ചും പ്രത്യേക മാർഗ നിർദ്ദേശങ്ങൾ

കല്യാണത്തോടനുബന്ധിച്ച് നടക്കുന്ന മൈലാഞ്ചികല്യാണം എന്ന അനാചാരത്തെക്കുറിച്ച് ഹുസൂർ തിരുമനസ്സിന്റെ സന്നിധിയിൽ പരാതി എത്തിയപ്പോൾ 'അതിനെ അവിടെ നിയന്ത്രിക്കാൻ നാസിർ അഅ്ലായോട് പറയുക' എന്ന് ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി. അതുകൊണ്ട് ഒരു ഓർമ്മപ്പെടുത്തൽ എന്നോണം ചില ഉദ്ധരണികൾ താങ്കൾക്ക് അയക്കുകയാണ്. ജമാഅത്തിന്റെയും ശാഖാ സംഘടനകളുടേയും യോഗങ്ങളിൽ ഇത് ദയവായി വായിച്ചു കേൾപ്പിക്കണം. കൂടാതെ ഇത്തരം അനാചാരങ്ങൾ നടക്കുന്നുണ്ടോ എന്ന് ഇസ്‌ലാഹി കമ്മറ്റിയുടെ ശ്രദ്ധയിലും ഉണ്ടായിരിക്കണം.

നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, നബി (സ) യുടെ ആജ്ഞയനുസരിച്ച് ഈ കാലഘട്ടത്തിലെ ഇമാം ഹ: മസീഹ് മൗഊദ് (അ) ന്റെ കയ്യിൽ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എന്ന മഹത്തായ അനുഗ്രഹം കരസ്ഥമാക്കിയവരാണ്. അദ്ദേഹത്തിനുശേഷം അല്ലാഹുവിനാൽ സ്ഥാപിതമായ 'ഖിലാഫത്തുൽ അലാ മിൻ ഹാജിന്നുബുവ്വത്ത്' എന്ന വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടിട്ടുള്ളവരാണ്.

ഈ കാലഘട്ടത്തിൽ ചില അനാചാരങ്ങൾ ചിലയിടെത്തെങ്കിലും നമ്മൾ അഹ്മദികൾക്കിടയിലും ഇടം പിടിച്ചിരിക്കുന്നു. എന്നാൽ ഹ: മസീഹ് മൗഊദ് (അ) ബൈഅത്തിന്റെ ആറാമത്തെ നിബന്ധനയായി നമ്മോട് വാങ്ങിയ പ്രതിജ്ഞ ഇപ്രകാരമാണ്:

'*എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽ നിന്നും സ്വയം ഒഴിഞ്ഞു മാറുകയും വിശുദ്ധ ഖുർആന്റെ ഭരണത്തിന് പൂർണ്ണമായ നിലയിൽ വിധേയനായിരിക്കുകയും ചെയ്യുന്നതും ഖാലല്ലാഹുവും ഖാലറസൂലും (ദൈവ വചനവും നബിവചനവും) എല്ലാ ചലനങ്ങളിലും കർമ്മധർമ്മങ്ങളായി സ്വീകരിക്കുന്നതുമാകുന്നു* '

കാലത്തിന്റെ ഇമാമായ ഹദ്റത് മസീഹ് മൗഊദ്(അ) ൽ ചെയ്ത ബൈഅത്ത് പ്രതിജ്ഞ പൂർത്തീകരിക്കുന്നതിനായി ഓരോ അഹ്മദിയുടെയും നിർബന്ധ കടമകളിൽ ഒന്ന്, തങ്ങളുടെ മക്കളുടെ വിവാഹബന്ധം അഹ്മദികളുമായി തന്നെ നടത്തുക. അഥവാ ഒരു അഹ്മദി കുട്ടിയുടെ കല്യാണം അനഹ്മദിയുമായി നട ക്കാതിരിക്കാൻ ശ്രദ്ധിക്കുക എന്നത് ഓരോ അഹ്മദിയുടെയും ഭാരവാഹിയുടെയും ഉത്തരവാദിത്തമാണ്.

രണ്ടാമത്തേത് ഓരോ അഹ്മദി ആൺ പെൺകുട്ടികളുടേയും വിവാഹം, വിട വാങ്ങൽ ചടങ്ങ് എന്നിവ ഇസ്‌ലാമിക അധ്യാപനമനുസരിച്ചും ജമാഅത്തിന്റെ രീതിയനുസരിച്ചും ഖലീഫമാരുടെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും നടത്തുകയും അനാവശ്യ ചിലവുകളിൽ നിന്ന് പൂർണ്ണമായും വിട്ടു നിൽക്കുകയും വേണം.

മൈലാഞ്ചിക്കല്യാണത്തെക്കുറിച്ച് ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്.) പറയുന്നു: "*ഈ അവസരത്തിൽ പെൺകുട്ടിയുടെ കൂട്ടുകാരികൾ ഒരിമിച്ച് കൂടി സന്തോഷിക്കുന്നതിൽ കുഴപ്പമില്ല. സന്തോഷപ്രകടനം എന്ന നിലയിൽ ഇത് വെക്കാവുന്നതാണ്. മറിച്ച് ഇതിനെ ഒരാചാരമാക്കി മാറ്റി വരന്റെ വീട്ടുകാർ മൈലാഞ്ചി കൊണ്ടുവരുകയാണെങ്കിൽ അതിൽ വേഷം കെട്ടൽ പ്രകടമാണ്. മക്കളുടെ മൈലാഞ്ചി വീട്ടിൽ തന്നെ തയ്യാറാക്കണം. അതിന് വരന്റെ വീട്ടിൽ നിന്ന് ചെറിയൊരു സംഘം ആളുകൾ പുറപ്പെടുന്നത് പ്രശ്നങ്ങൾക്ക് കാരണമാകും*"

2010 ജൂലായ് 15 ലെ ഖുതുബയിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹു തആല) പറയുന്നു:

"*മൈലാഞ്ചിക്കല്യാണം കൂട്ടുകാരികൾക്കൊപ്പം വീടിന്റെ നാലുകെട്ടിനുള്ളിൽ നടത്തുവാനുള്ള അനുവാദം ഞാൻ നൽകിയിരിക്കുന്നു. കല്യാണത്തിന്റെ പാട്ടുകൾക്കും മറ്റും സൗണ്ട് സിസ്റ്റം ഉപയോഗിക്കരുത്. പാൽ കുടിപ്പിക്കുന്നതും ഷൂ ഒളിപ്പിക്കുന്നതും പോലുള്ള അനാചാരങ്ങൾ നിർത്തലാക്കുക. ഇനി ആരുടെയെങ്കിലും വീട്ടിൽ ഇതുപോലുള്ള അനാചാരങ്ങൾ നടക്കുന്നതായി എനിക്ക് അറിയിപ്പ് ലഭിച്ചാൽ അവർക്കെതിരായി നടപടി എടുക്കുന്നതാണ് എന്ന് എല്ലാ ജമാഅത്തംഗങ്ങളേയും അറിയിക്കുക. എന്റെ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ജമാഅത്ത് ഭാരവാഹികൾ ബാധ്യസ്ഥരാണ്. ഇത്തരത്തിലുള്ള കല്യാണങ്ങൾ എവിടെയെങ്കിലും നടക്കുകയാണെങ്കിൽ അത് തടയുക. അല്ലെങ്കിൽ അവിടെ നിന്ന് എഴുന്നേറ്റ് വരിക. മുമ്പ് ശൂറകളിൽ ഈ കാര്യങ്ങൾ ചർച്ച ചെയ്ത് ശുപാർശക്ക് വരാറുണ്ടായിരുന്നു. ഇനി ഈ എല്ലാ കാര്യങ്ങളും ഒരെതിർപ്പും കൂടാതെ അനുസരിക്കൽ നിർബന്ധമാണ്. ഇത്തരം ബിദ്അത്തുകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ വേണ്ടി ജമാഅത്തിന്റെ രീതികളും നിർദ്ദേശങ്ങളും പൂർണ്ണമായി നടപ്പിലാക്കുക എന്നത് ശാഖാ സംഘടനകളുടേയും ജമാഅത്ത് വ്യവസ്ഥിതിയുടേയും ജോലിയാണ്. അതിന് അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ." ആമീൻ.*

അല്ലാഹു എല്ലാ അഹ്മദി സഹോദരീ സഹോദരന്മാർക്കും ഭാരവാഹികൾക്കും ഖലീഫമാരുടെ ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ വിധ അനാചാരങ്ങളിൽ നിന്നും രക്ഷപ്രാപിക്കുന്നതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

വസ്സലാം
നാസിർ അഅ്‌ല
സദർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ

---

ത്തായി അനുഷ്ഠിക്കുക. പരസ്പരം സ്വരുമയോടെ കഴിയുക. കലഹിക്കുകയും വഴക്കിടുകയും ചെയ്യരുത്. നിസാര നിസാര കാര്യങ്ങളിൽ ഭിന്നിച്ച് അഞ്ചുമനിൽ നിന്നും അകലരുത്. ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ഞങ്ങൾ കുട്ടികളാണ് ആകെ 12 പേരേയുള്ളു ഞങ്ങൾക്കെന്താണ് ചെയ്യാൻ കഴിയുക എന്നുള്ള അപകർഷതാബോധത്തിന് ഹൃദയത്തിൽ ഇടം കൊടുക്കരുത്.

## യൂസുഫ്(അ) നെ പോലെയാകുക

യൂസുഫ് എന്നു പേരുള്ള ആ ചെറിയ കുട്ടിയുടെ കാര്യങ്ങൾ നിങ്ങൾ ഇപ്പോൾ കേട്ടുകഴിഞ്ഞില്ലേ? അവനെ മാതാപിതാക്കളിൽ നിന്നും സ്വന്തം രാജ്യത്തു നിന്നും വീട്ടിൽ നിന്നും വേർപെടുത്തി. ചെറുപ്രായമായിരുന്നു. നിങ്ങൾക്കോരോരുത്തർക്കും 11 സഹായികളുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ 11 സഹോദരന്മാരും ശത്രുക്കളായിരുന്നു. അവൻ തന്റെ നാഥനെ പ്രീതിപ്പെടുത്തി എന്ത് സ്ഥാനമാണ് നേടിയതെന്ന് നോക്കുക. അല്ലാഹു പറയുന്നു, *മക്കന്നാ ലിയൂസുഫ ഫിൽ അർദി* (യൂസുഫ്: 22) അതായത് നാം അവന് ഭൂമിയിൽ വലിയ ശക്തി അനുഗ്രഹിച്ചു നൽകി. ഇന്നും നാമം ഉച്ചരിക്കുന്നവർ യൂസുഫ് (അ) എന്ന് പറയുന്നു.

## അല്ലാഹുവിനെ തൊട്ട് നിരാശരാകരുത്

ചുരുക്കത്തിൽ അല്ലാഹുവിന്റെ സവിധത്തിൽ നിന്ന് ഒരിക്കലും നിരാശരാവരുത്. അവനെ പ്രീതിപ്പെടുത്തുവാനുള്ള ശ്രമത്തിന്റെ ഭാഗമായി യൂസുഫ്(അ) വിജയം കരസ്ഥമാക്കിയതു പോലെ നിങ്ങളും അഞ്ചുമന് പുരോഗതി നൽകുക. അല്ലാഹുമായി സ്നേഹത്തിന്റെ ഒരു ബന്ധം സ്ഥാപിക്കുക. അങ്ങനെയായാൽ അവൻ നിങ്ങളിലും അന്യരിലും ഒരു വ്യതിരിക്തത ഉണ്ടാക്കുന്നതാണ്. നിങ്ങൾ അവന്റെ ദൃഷ്ടിയിൽ പ്രിയരായി മാറുന്നതുമാണ്.


*(പ്രഭാഷണം: ജൽസ ഹംദർദാനെ ഇസ്‌ലാം, ഖാദിയാൻ)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# ഉന്നത വിദ്യാഭ്യാസം നല്കുക

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)**



ഞാനിന്ന് ചില പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ വർഷം ഞാൻ ജമാഅത്തിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞിരുന്നത് അല്ലാഹു തൗഫീഖ് നൽകിയവർ തങ്ങളുടെ സന്താനങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം നല്കുക എന്ന്, ഇനി സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ഉള്ളവർ തങ്ങളുടെ ഗ്രാമത്തിലുള്ള എല്ലാവരേയും ഒത്തൊരുമിപ്പിച്ച് കൊണ്ട് കുറഞ്ഞത് ചുറുചുറുക്കും മിടുക്കനുമായ ഒരു വിദ്യാർത്ഥിക്ക് എങ്കിലും പഠന സൗകര്യങ്ങൾ ഒരുക്കുക. അവൻ സ്വന്തം കാലുകളിൽ നിന്ന് കഴിഞ്ഞാൽ പിന്നീട് വേറെ ഏതെങ്കിലും ഒരു കുട്ടിയുടെ പഠനത്തിൽ സഹായിക്കുക. അങ്ങനെ ആ വിദ്യാർത്ഥി മറ്റുള്ളവർക്ക് ഒരു മാതൃകയാകുകയും മറ്റ് കുട്ടികളിലും പഠനത്തോടുള്ള താത്പര്യം വർദ്ധിക്കുകയും ചെയ്യുന്നതാണ്. പുരോഗതി പ്രാപിക്കുന്ന സമൂഹത്തിന് മുന്നിൽ ഉയർന്ന് വരുന്ന ചോദ്യം ആ സമൂഹത്തിലെ യുവാക്കൾ അധികം അധികമായി വിദ്യാസമ്പന്നരായിത്തീരുക എന്നതാണ്. എന്തുകൊണ്ടെന്നാൽ വിദ്യാസമ്പന്നനായ വ്യക്തിക്ക് ഒരു വിഷയത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്ന് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്നതാണ് അവർ ഏത് തൊഴിൽ ചെയ്താലും അതിൽ വളരെ പെട്ടെന്ന് പ്രാവീണ്യം നേടിയെടുക്കാനും സമൂഹത്തിന് പ്രയോജനകാരിയായി തന്നെ മാറ്റി എടുക്കണം എന്ന ചിന്ത അവനിൽ എപ്പോഴും ഉണ്ടാവുകയും ചെയ്യുന്നതാണ്. ആയതിനാൽ ജമാഅത്തിലെ യുവാക്കൾ ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുന്നവർ ആയിത്തീരാൻ നാം എപ്പോഴും പരിശ്രമിക്കേണ്ടതാണ്. ഇപ്പോൾ വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചു വരികയാണ്. കൂടുതൽ ശ്രദ്ധ ചെലുത്തുകയാണെങ്കിൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ നമ്മുടെ ജമാഅത്തിലെ അറുപത് ശതമാനം യുവാക്കളും വിദ്യാസമ്പന്നരാകുന്നതാണ്. ഓരോ വർഷവും ആയിരം യുവാക്കൾ കോളേജുകളിൽ പ്രവേശിക്കുകയാണെങ്കിൽ ഏറ്റവും കുറഞ്ഞത് 500 ഗ്രാജ്വേറ്റ്സെങ്കിലും പുറത്ത് വരുന്നതാണ്. ഇത്രത്തോളം തന്നെ പഞ്ചാബിൽ ഓരോ വർഷവും മുസ്‌ലിം വിദ്യാർത്ഥികൾ ഗ്രാജ്വേഷൻ നേടുന്നുണ്ട്. ചുരുക്കത്തിൽ വിദ്യാഭ്യാസ രംഗത്ത് നമുക്ക് മറ്റ് മുസ്‌ലിംകളോടൊപ്പം എത്തിച്ചേരാൻ സാധിക്കുന്നതാണ്.

### ഹദ്റത് മസീഹ് ഈസാ (അ) ന്റെ ദൃഷ്ടാന്തം

ഹദ്റത് മസീഹ് ഈസാ(അ) ന്റെ ഒരു ദൃഷ്ടാന്തം അദ്ദേഹത്തിന്റെ അനുയായികൾ അന്യഭാഷ സംസാരിക്കുന്നവർ ആയിരുന്നു എന്നതാണ്. നമ്മുടെ യുവാക്കളും അന്യദേശങ്ങളിൽ പോകുകയും അന്യഭാഷകൾ പഠിക്കുകയും ചെയ്യുകയാണെങ്കിൽ അവർ തീർച്ചയായും ഈസാ(അ) ന്റെ അനുയായികളേക്കാൾ മുൻപന്തിയിൽ ആകുന്നതാണ്. ഈ ഒരു അവസ്ഥാവിശേഷം സംജാതമാകണമെങ്കിൽ നമ്മുടെ ജമാഅത്തിൽ ധാരാളമായി ഗ്രാജ്വേറ്റ്സ് ഉണ്ടാകേണ്ടതാണ്. അതിൽ നിന്ന് നൂറുക്കണക്കിന് ഗ്രാജ്വേറ്റ് ആയിട്ടുള്ളവർ നമുക്ക് തബ്‌ലീഗ് മൈതാനത്തിന് ലഭിക്കുന്നതാണ്. ഗ്രാജ്വേറ്റ് ആയിട്ടുള്ളവർ മുഴുവനായും തബ്‌ലീഗ് പ്രവർത്തനത്തിന് വിദേശത്ത് പോകുക എന്നത് അസാധ്യമാണ്. അവരിൽ ചിലരെ ഗവൺമെന്റ് ജോലികളിൽ പ്രവേശിപ്പിക്കേണ്ടതും അനിവാര്യമാണ്. അതു പോലെ നമ്മുടെ ചില ഡിപാർട്ട്മെന്റുകളിലും ഗ്രാജ്വേറ്റ് ആയവരെ ആവശ്യമുണ്ട്. ഈ ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ട് നമുക്ക് ധാരാളം വിദ്യാസമ്പന്നരെ ആവശ്യമുണ്ട്. ഇത് സാധ്യമാകണമെങ്കിൽ നമ്മുടെ യുവാക്കൾ കഠിനാധ്വാനം ചെയ്യുന്നവരും ത്യാഗങ്ങൾ സഹിക്കുന്നവരും ആയിരിക്കേണ്ടതാണ് തങ്ങൾ മുഴുവൻ ലോകത്തിനും സേവനം ചെയ്യേണ്ടവരാണ് എന്ന വികാരത്തോട് കൂടി അവർ തയ്യാറാകേണ്ടതാണ്.

### നാടിന്റെ അഭിമാനം കാക്കുന്നവരായിത്തീരുക


അഥവാ നമ്മുടെ യുവാക്കൾ ഉന്നത വിദ്യാഭ്യാസം നേടിക്കൊണ്ട്, ഉന്നതമായ കഴിവുകൾ നേടിക്കൊണ്ട് മുന്നിട്ട് ഇറങ്ങുകയാണെങ്കിൽ, അർപ്പണ ബോധത്തോട് കൂടി ആളുകളെ സേവിക്കുകയാണെങ്കിൽ നമ്മുടെ നാടിന്റെ അഭിമാനം അന്യദേശങ്ങളിൽ വളരാതിരിക്കാൻ ഒരു കാരണവും ഇല്ല. ഞാൻ മനസ്സിലാക്കുന്നത് ഈ രീതിയിൽ ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനങ്ങളും സാധ്യമാകും എന്നാണ്. ക്രിസ്തുമതത്തിൽ പ്രത്യേകിച്ച് യാതൊരു സവിശേഷതയും ആകർഷണീയതയും ഇല്ലാതിരുന്നിട്ട് കൂടി പാതിരിമാരുടെ ത്യാഗസമ്പൂർണ്ണമായ കഠിനാധ്വാനത്തിലൂടെ ആയിരക്കണക്കിന് ഇന്ത്യക്കാർ ക്രിസ്തുമതം സ്വീകരിച്ചു. ക്രൈസ്തവർക്ക് ഈ രീതിയിൽ വിജയിക്കാൻ സാധിച്ചിട്ടുണ്ട് എങ്കിൽ എന്തുകൊണ്ട് അഹ്മദികൾ സത്യത്തെ പ്രചരിപ്പിക്കുകയാണെങ്കിൽ വിജയിച്ച് കൂടാ. ഇതിനായി അനിവാര്യമായിട്ടുള്ളത് നമ്മുടെ വിദ്യാർത്ഥികൾ ഉന്നതചിന്താഗതിക്കാരും ഉയർന്ന ആത്മവിശ്വാസമുള്ളവരും ആയിരിക്കുക എന്നതാണ്. തങ്ങൾ ലോകത്ത് മഹത്തരമായ ഒരു ജോലി ചെയ്യാൻ നിയോഗിക്കപ്പെട്ടവരാണെന്ന് അവർ മനസ്സിലാക്കേണ്ടതാണ്. അവർ തന്നെയാണ് മറ്റു രാജ്യങ്ങൾക്കും വഴികാട്ടിയാകേണ്ടത്. ഉന്നതമായ സ്വഭാവഗുണങ്ങളും, മര്യാദകളും അവർ തന്നെയാണ് പഠിപ്പിക്കേണ്ടത്. (മശ്അലെ രാഹ് വാള്യം:1)

– അമീറുദ്ദീൻ സാജിദ്

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# കപ്പൽ മടങ്ങിയെത്തി



പരേതനായ ഡോ. സർദാർ നാസിർ അഹ്മദ് സാഹിബ് (റ) ന് തബ്‌ലീഗിൽ വളരെ ആവേശമുണ്ടായിരുന്നു. രാപകൽ അദ്ദേഹം തബ്‌ലീഗിൽ മുഴുകിയിരുന്നു. തബ്‌ലീഗിൽ ആമഗ്നനായിരുന്ന അദ്ദേഹത്തിന്റെ ഒരു സംഭവം വളരെ പ്രചോദനാത്മകമാണ്. ഡോ. സർദാർ നാസിർ അഹ്മദ് സാഹിബ് (റ) നിവേദനം ചെയ്യുന്നു. “ഞാൻ കപ്പലിൽ ഒരു ഡോക്ടറായി സേവനം അനുഷ്ഠിക്കുകയായിരുന്നു. ഒരിക്കൽ ഒരു മടക്കയാത്രയിൽ കപ്പൽ ഏഡനിൽ നങ്കൂരമിട്ടു. ഞാൻ കപ്പലിൽ നിന്നിറങ്ങി തബ്‌ലീഗിനായി ടൗണിലേക്ക് പോയി. ഞാൻ തബ്‌ലീഗിൽ മുഴുകിയതു കാരണം കപ്പൽ തിരിച്ചു പോകേണ്ട സമയം മറന്നു പോയി. തബ്‌ലീഗ് കഴിഞ്ഞ് ഞാൻ പോർട്ടിൽ തിരിച്ചെത്തിയപ്പോൾ കപ്പൽ പോയിക്കഴിഞ്ഞിരുന്നു. ഞാൻ വളരെയധികം അസ്വസ്ഥനായി വിയർത്തു കുളിച്ചു. കപ്പൽ യാത്രക്കാർ എന്നെ കുറിച്ച് എന്താണ് വിചാരിക്കുക എന്നോർത്ത് ഞാൻ വിഷമിച്ചു. ഏതെങ്കിലും യാത്രക്കാരൻ മരിക്കാനിടയായാൽ നിയമപ്രകാരം ഞാൻ കുറ്റക്കാരനും അറസ്റ്റ് ചെയ്യപ്പെടാവുന്നതുമാണ്. വളരെ അസ്വസ്ഥനായി ഞാൻ രാത്രി മുഴുവൻ പ്രാർത്ഥനയിൽ കഴിച്ചു കൂട്ടി. അല്ലയോ സർവ്വശക്തനായ ദൈവമേ, ഞാൻ നിന്റെ ജോലി ചെയ്യുകയായിരുന്നു. ഞാനറബികൾക്ക് സത്യ സന്ദേശം എത്തിക്കുകയായിരുന്നു. എന്റെ വ്യക്തിപരമായ കാര്യമൊന്നുമായിരുന്നില്ല ഞാൻ ചെയ്തിരുന്നത്. കപ്പൽ പോയിക്കഴിഞ്ഞതിനാൽ ഇനിയെന്താണ് ചെയ്യേണ്ടതെന്നെനിക്കറിയില്ല. കപ്പൽ മടക്കിക്കൊണ്ടുവരാൻ ഞാൻ നിന്നോട് യാചിക്കുന്നു. പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ഞാൻ ഉറങ്ങിപ്പോയി. കപ്പൽ മടങ്ങിവന്നതായി ഞാൻ അന്ന് രാത്രി സ്വപ്നം കണ്ടു.

എന്റെ തബ്‌ലീഗിന് വിധേയരായ ആളുകൾ എന്നെ പരിഹസിക്കുകയുണ്ടായി. കാരണം കപ്പൽ എന്നെ കൂട്ടാതെ പോവുകയും ഞാൻ ബുദ്ധിമുട്ടിലകപ്പെട്ടിരിക്കുകയാണെന്ന് അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു.

എന്റെ ദൈവം കപ്പൽ മടങ്ങിവരുമെന്ന് എന്നെ അറിയിച്ചതായി ഞാൻ അവരോട് പറഞ്ഞപ്പോൾ അവർ കൂടുതലായി പരിഹസിച്ചു. കപ്പൽ എങ്ങനെ മടങ്ങി വരാനാണ്?

അല്ലാഹുവിന്റെ ശക്തി അതിരറ്റതാണ് അവന്റെ പ്രവൃത്തികൾ അസാധാരണവുമാണ്. പിറ്റേന്ന് രാവിലെ ഞങ്ങൾ അസാധാരണവും അസംഭവ്യവുമായ ഒരു രംഗത്തിന് ദൃസാക്ഷികളായി. ഒരാൾ ഓടി വന്ന് കപ്പൽ തുറമുഖത്ത് മടങ്ങിവന്നതായി അറിയിച്ചു. ഞാൻ സർവ്വ ശക്തനായ അല്ലാഹുവിന് കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് കപ്പലിലേക്ക് മടങ്ങി. കപ്പലിന്റെ മടക്കം സർവ്വശക്തനായ ദൈവത്തിന്റെ അസാധാരണമായ പ്രവൃത്തിയായിരുന്നു. കപ്പൽ മടങ്ങിവരാനുള്ള പ്രത്യക്ഷത്തിലുള്ള കാരണമെന്തെന്നാൽ യുദ്ധകാലമായിരുന്നതിനാൽ മുങ്ങി കപ്പൽ ആക്രമണത്തിന് സാധ്യതയുണ്ടായിരുന്നു. ഞങ്ങളുടെ കപ്പലിൽ സമാധാന പതാകയുണ്ടായിരുന്നില്ല. ആ പതാക എടുക്കാൻ വേണ്ടിയാണ് കപ്പൽ തിരിച്ചു വിട്ടത്. നമ്മുടെ സാധാരണ അനുഭവത്തിൽ ഒരു തീവണ്ടിയോ ബസ്സോ പോയിക്കഴിഞ്ഞാൽ അത് തിരിച്ച് വരാറില്ല. ഇവിടെ സർവ്വശക്തനായ ദൈവം തന്റെ ശക്തിയുടെ അത്ഭുതം കാണിച്ചതാണ്. ഒരു വലിയ കപ്പൽ ആവേശഭരിതനായ ഒരു പ്രചാരകനു വേണ്ടി തിരിച്ചുകൊണ്ടുവന്നിരിക്കുന്നു.

( ***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

## ബുദ്ധിയെ പൂർണമായും ഉപയോഗപ്പെടുത്തുക

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**

പ്രിയപ്പെട്ട കുട്ടികളെ! ആഗ്രഹിക്കുകയാണെങ്കിൽ നിങ്ങളിൽ നിന്നോരോരുത്തർക്കും മനുഷ്യനാകാൻ സാധിക്കുന്നതാണ്. അല്ലാഹു നിങ്ങൾക്ക് കഴിവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിനെ പാഴാക്കരുത്. അഥവാ നിങ്ങൾ നിങ്ങളുടെ ബുദ്ധിശക്തിയെ പൂർണമായും ഉപയോഗപ്പെടുത്തുകയാണെങ്കിൽ ചിലർ ചില മേഖലകളിൽ മുന്നോട്ട് ഗമിക്കുന്നതാണ്, മറ്റ് ചിലർ മറ്റ് മേഖലകളിൽ മുന്നോട്ട് ഗമിക്കുന്നതാണ്. പിന്നീട് നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്തോഷം ലഭിക്കുന്നതാണ്. അന്നേരം നിങ്ങൾക്ക് ലഭിക്കുന്ന സന്തോഷം കുട്ടികളായ കാരണത്താൽ നിങ്ങൾക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കില്ല. എന്നാൽ പ്രവർത്തന മണ്ഡലത്തിൽ നിങ്ങൾ മറ്റുള്ളവരെക്കാൾ മുന്നേറുകയാണെങ്കിൽ അതിലൂടെ ലഭിക്കുന്ന സന്തോഷങ്ങൾ എത്രയോ മഹത്തരമായിരിക്കും. അതുമൂലം നിങ്ങളുടെ കുടുംബത്തിന്റെ പേര് ഉന്നതമാകും. നിങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടും. ലോകത്ത് നിങ്ങൾക്ക് അന്തസ് ലഭിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിങ്ങൾക്ക് അന്തസ് ഉണ്ടായിത്തീരുന്നതാണ്. നിങ്ങൾ സമുദായത്തിനും രാജ്യത്തിനും അഭിമാനമായി മാറുന്നതാണ്. നിങ്ങളുടെ മാതാപിതാക്കൾ എപ്പോഴും നിങ്ങൾക്കായി ദുആ ചെയ്തുകൊണ്ടിരിക്കുന്നതാണ്. (പ്രഭാഷണം: 21.10.1978)

# മുബല്ലിഗ് കോർട്ടേഴ്സിന് തറക്കല്ലിട്ടു



**പള്ളിപ്പുറം:** പള്ളിയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് മുബല്ലിഗ് കോർട്ടേഴ്സിന് പാലക്കാട് ജില്ലാ അമീർ എച്ച് .സുലൈമാൻ സാഹിബ് തറക്കല്ലിട്ടു. തറക്കല്ലിടൽ കർമ്മത്തിൽ ജില്ലാ മുബല്ലിഗ് ഇൻചാർജ്ജ് മൗലവി ടി.മുഹമ്മദ് മൻസിൽ സാഹിബ്, പി.സൈദുട്ടി മാസ്റ്റർ, സദർ ജമാഅത്ത് പള്ളിപ്പുറം, മൗലവി എൻ..ശഫീഖ് അഹ്മദ് സാഹിബ് മുബല്ലിഗ് പള്ളിപ്പുറം, പാലക്കാട് ജില്ലാ ഭാരവാഹികളായ എം.അബ്ദുൽ ബശീർ സാഹിബ്, എ.പി ഇസ്മായിൽ സാഹിബ്, കെ.ഉണ്ണീൻ സാഹിബ്, സി.പി സിദ്ദീഖ് സാഹിബ് കൂടാതെ ജമാഅത്തിന്റെ പ്രാദേശിക ഭാരവാഹികളും മറ്റും സംബന്ധിച്ചു.

# അത്ഫാൽ ക്യാമ്പ്



**പാലക്കാട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ത്രിദിന പഠനക്യാമ്പ് സംഘടിപ്പിച്ചു. ജില്ലാ ഖാഇദിന്റെ അധ്യക്ഷതയിൽ ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് ഉദ്ഘാടനം ചെയ്തു. മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് ജില്ലാ നാസിം താജുദ്ദീൻ സാഹിബ് ആശംസകൾ അർപ്പിച്ചു. ആദ്യ ദിനത്തിൽ സി. ശമീം സാഹിബ്, മൗലവി ബഷീർ അഹ്മദ് സാഹിബ് എന്നിവർ ക്ലാസെടുത്തു. രണ്ടാം ദിനത്തിൽ നൂറുദ്ദീൻ സാഹിബ്, മൗലവിമാരായ ഫാഹിൻ സാഹിബ്, നജീബ് സാഹിബ്, മുഹമ്മദ് റാഫി സാഹിബ്, സൈനുലാബ്ദീൻ സാഹിബ്, പാലക്കാട് ജില്ലാ മിഷണറി ഇൻചാർജ് മുഹമ്മദ് മൻസിൽ സാഹിബ് എന്നിവർ ക്ലാസെടുത്തു. സമാപന ദിവസം മലമ്പുഴയിലേക്ക് പഠനക്യാമ്പ് നടത്തി. മൗലവി സലീം സാഹിബ്, നൗഷാദ് സാഹിബ് എന്നിവർ ക്ലാസുകൾ എടുത്തു. ജില്ലയിലെ ഒമ്പത് മജ്‌ലിസുകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

# വൃക്ഷത്തൈകൾ വിതരണം ചെയ്തു



**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ ബൈത്തുൽ ഖുദ്ദൂസ് അംഗണത്തിൽ വെച്ച് ജില്ലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബ് കോഴിക്കോട്, മാത്തോട്ടം, കൊടിയത്തൂർ, കമ്പളക്കാട് എന്നീ മജ്‌ലിസുകളിലെ ഖാഇദ്മാർക്ക് വിതരണം ചെയ്തു. ഓരോ മജ്‌ലിസിനും 20 തൈകളാണ് നൽകിയത്.

# രക്തദാന ക്യാമ്പ്



**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോട് ജില്ലയും കോഴിക്കോട് ബീച്ച് ഹോസ്പിറ്റലും സംയുക്തമായി രക്തദാന ക്യാമ്പ് നടത്തി. കോഴിക്കോട്, മാത്തോട്ടം മജ്‌ലിസുകളിലെ ഖാദിം സഹോദരങ്ങൾ രക്തം ദാനം ചെയ്തു.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു

**പെരുമ്പാവൂർ:** ഐരാപുരം St. Pauls Govt. L.P.S അങ്കണത്തിൽ നടന്ന പ്രവേശനോത്സവത്തിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ പഠനോപകരണങ്ങൾ എറണാകുളം ജില്ലാ അമീർ ഷാഹുൽ ഹമീദ് സാഹിബ് വിതരണം ചെയ്തു. ഐരാപുരം ജമാഅത്ത് പ്രസിഡന്റും P.T.A പ്രസിഡന്റുമായ നൂറുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു.മുഴുവന്നൂർ പഞ്ചായത്ത് 10 ാം വാർഡ് മെമ്പർ എ.എം. ഇബ്‌റാഹീം ഉദ്ഘാടനം ചെയ്തു.2-ാം വാർഡ് മെമ്പർ വിനോദ്കുമാർ, മുൻ അദ്ധ്യാപകരായ കോയാക്കിസാർ, തങ്കമ്മ ടീച്ചർ, ഐരാപുരം കോളേജ് പ്രിൻസിപ്പാൾ രാജുസാർ, ഐരാപുരം സഹകരണ ബാങ്ക് പ്രസിഡന്റ് ത്യാഗരാജൻ സാർ, മുൻ പ്രസിഡന്റ് വർഗ്ഗീസ് സാർ, എന്നിവർ സംബന്ധിച്ചു. പ്രധാനദ്ധ്യാപകൻ സലീം സ്വാഗതം സ്വാഗതവും P.T.A വൈസ് പ്രസിഡന്റ് സലീന നന്ദിയും പറഞ്ഞു.



# ജില്ലാ ഇജ്തിമ




**മുറിയക്കണ്ണി:**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് മേഖല മുറിയക്കണ്ണിയിൽ ഏകദിന ഇജ്തിമ സംഘടിപ്പിച്ചു. പാലക്കാട് ജില്ലാ അമീർ എ.ച്ച്. സുലൈമാൻ സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. മുഅ്ത്തമിം മാൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ജനാബ് മുഹമ്മദ് നൂറുദ്ദീൻ സാഹിബ് വിശിഷ്ടാതിഥിയായിരുന്നു. കുഞ്ഞീതു മാസ്റ്റർ സാഹിബ്, അയമു മാസ്റ്റർ സാഹിബ്, മൗലവി മുഹമ്മദ് സലീം സാഹിബ്, എന്നിവർ സംബന്ധിച്ചു. പാലക്കാട് ജില്ലാ ഖാഇദ് ലിയാഖത്ത് അലി സാഹിബ് അധ്യക്ഷത വഹിച്ചു. വിവിധ വൈജ്ഞാനിക മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലയിലെ വിവിധ മജ്‌ലിസുകളിൽ നിന്നായി നൂറോളം പേർ പങ്കെടുത്തു.

# തബ്‌ലീഗ് ദിനമാചരിച്ചു

**പള്ളിപ്പുറം:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തബ്‌ലീഗ് ദിനം സംഘടിപ്പിച്ചു. പരിസര പ്രദേശങ്ങളിൽ അഞ്ച് ഗ്രൂപ്പുകളായി നോട്ടീസ് വിതരണം നടത്തുകയും ചെയ്തു. ജനാബ് വി.പി മൻസൂർ സാഹിബ് ,വി.പി മൊയ്തീൻ കുട്ടി സാഹിബ്, ടി.മുഹമ്മദ് സാഹിബ്, വി.പി അബ്ദുൽ ഖാദർ സാഹിബ്, പി.ഷാജി മോൻ സാഹിബ് എന്നിവരുടെ നേതൃത്വത്തിലാണ് നോട്ടീസ് വിതരണം നടന്നത്. എഴുന്നൂറിൽ പരം വീടുകളിൽ സന്ദേശമെത്തിച്ചു.

# വിനോദയാത്ര



**കടലായി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കാസർക്കോട് ബേക്കൽ കോട്ടയിലേക്ക് വിനോദയാത്ര നടത്തി. കടലായി ഖാഇദ് സാഹിബ് യാത്രക്ക് നേതൃത്വം നല്കി.

# ഖിലാഫത്ത് ദിനയോഗം



**കടലായി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ഖിലാഫത്ത് ദിനം നടത്തുകയുണ്ടായി. മൗലവി സിദ്ധീഖ് സാഹിബ്, സമീർ സാഹിബ് എന്നിവർ പ്രസംഗിച്ചു.




**മലപ്പുറം ജില്ലാ ഇജ്തിമ**



**വഖാറെ അമൽ, ചെന്നൈ**

# ജാമിയ അഹ്മദിയ്യ യു.കെ. സ്പോർട്ട്സ്മീറ്റ് 2014

NEWS TIME


വ്യായാമം പതിവായി ചെയ്യുകയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും അച്ചടക്കം പുലർത്തേണ്ടതും അനിവാര്യവുമാണെന്ന് ഹദ്റത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹു) പറഞ്ഞു. യു.കെ.ജാമിയ അഹ്മദിയ്യ സ്പോർട്ട്സ് മീറ്റിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിങ്ങളുടെ ഓരോ ദിവസത്തെ പ്രവർത്തനങ്ങളെ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും അതിനായി ടൈംടേബിൾ തയ്യാറാക്കുകയും വേണമെന്നും അത് നിങ്ങളുടെ പഠനത്തെയും ഉത്തരവാദിത്വങ്ങൾ ഏറ്റവും നല്ല രീതിയിൽ പൂർത്തികരിക്കുന്നതിനും സഹായിക്കുമെന്നും ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി. സറെയിലെ ഹെയ്സൽ മെയ്റിലെ ജാമിയ കോളേജ് ഗ്രൗണ്ടിൽ വെച്ചായിരുന്നു സ്പോർട്ട്സ്മീറ്റ് സംഘടിപ്പിച്ചത്.



മൂന്നുദിവസം നീണ്ടു നിന്ന സ്പോർട്ട്സ് മീറ്റിൽ ഫുട്ബോൾ, ബാഡ്മിന്റൺ,അത്‌ലറ്റിക്സ് തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ നടന്നു. ഹുസൂർ തിരുമനസ്സിന്റെ സാന്നിധ്യത്തിൽ ജാമിയ വിദ്യാർത്ഥികളുടെ വടംവലി പ്രദർശന മത്സരവും റോക്ധോർ എന്നറിയപ്പെടുന്ന ഒബ്സ്റ്റകിൾ കോഴ്സ് റേസ് മത്സരവും നടന്നു. വിജയികൾക്കു ഹുസൂർ തിരുമനസ്സ് സ്മ്മാനങ്ങൾ നല്കി.







## സർ സഫറുല്ലാഹ് ഖാൻ അവാർഡ് 2014



ഹെയ്സൽ മക്കല്ലിയൻ

വിശിഷ്ടമായരീതിയിൽ ജനക്ഷേമ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്ന വ്യക്തികൾക്ക് അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് കാനഡ നൽകിവരുന്ന **'സർ സഫറുല്ലാഹ് ഖാൻ'** അവാർഡിന് ഈ വർഷം ഹെയ്സൽ മക്കല്ലിയൻ അർഹയായി. കാനഡയിലെ ഒന്റാറിയോ മിസിസ്സാഗയിലെ മേയറായി 1978 മുതൽ പ്രവർത്തിച്ചു വരുന്ന ഇവർ ജമാഅത്തിന്റെ അടുത്ത സുഹ്രുത്ത് കൂടിയാണ്.




അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് കാനഡയുടെ 38–ാമത് വാർഷിക സമ്മേളനത്തിൽ വെച്ച് കാനഡ അമീർലാൽ ഖാൻ മാലിക്ക് സാഹിബിൽ നിന്നു അവാർഡ് ഏറ്റുവാങ്ങിക്കൊണ്ട് ഹെയ്സൽ മക്കല്ലിയൻ സദസ്സിനെ സംബോധന ചെയ്യുകയുണ്ടായി. പ്രാർത്ഥനയടങ്ങിയ പ്രവർത്തനങ്ങൾക്ക് ലോകത്ത് മാറ്റം കൊണ്ടുവരാനാകുമെന്നും ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിൽ രാഷ്ട്രീയ പ്രവർത്തകർ പരാജയപ്പെട്ടുവെന്നും വിശ്വാസി സമൂഹത്തിനു മാത്രമെ ഇനി ലോകത്ത് സമാധാനം കൊണ്ടുവരാനാകുകയുള്ളുവെന്നും അവർ അഭിപ്രായപ്പെട്ടു. 2013ൽ ഈ അവാർഡിനു അർഹനായത് കനേഡിയൻ സെനറ്റർ ആർതർ സി.ആർട്ട് എഗ്ഗ്ലട്ടൺ ആയിരുന്നു.

ആരോഗ്യം


ഡോക്ടർ നദീർ അഹ്മദ് മസ്ഹർ

# കൊളസ്ട്രോൾ




## ഉയർന്ന ബ്ലഡ്കൊളസ്ട്രോളും ഹൃദയാഘാതവും

മനുഷ്യന് പ്രായമാകുന്നതോടൊപ്പം അവന്റെ രക്തക്കുഴലുകളുടെ മൃദുലതയും കുറഞ്ഞു വരുന്നു. അതോടൊപ്പം കൊളസ്ട്രോളും കൊഴുപ്പും രക്തധമനികളിൽ അടിഞ്ഞുകൂടുന്നത് അതിനെ കൂടുതൽ ഇടുങ്ങിയതും പരുപരുത്തതുമാക്കി മാറ്റുന്നു. തൽഫലമായി രക്തചംക്രമണം തടസ്സപ്പെടുന്നു.







കൃത്യമായും വേഗത്തിലുമുള്ള രക്തവിതരണത്തെ അത് ബാധിക്കുന്നു. തൽഫലമായി ധമനികളിൽ രക്തസമ്മർദ്ദം വർദ്ധിക്കുന്നു. ഹൃദയത്തിന് അതിന്റെ പ്രവർത്തനത്തിനാവശ്യമായ രക്തവും ഓക്സിജനും ലഭ്യമാകാതെ വരുന്നു. ഹൃദയത്തിൽ വേദന രൂപം കൊള്ളുന്നു. ഓക്സിജന്റെ കുറവു കാരണത്താൽ നെഞ്ചുവേദന അനുഭവപ്പെടുന്നു, ശ്വാസനം തടസ്സപ്പെടുന്നു, പരിഭ്രമം ഉണ്ടാകുന്നു, രക്തധമനികളിൽ രക്തയോട്ടം നിലയ്ക്കുന്നു. തൽഫലമായി ഹൃദയാഘാതം ഉണ്ടാകുന്നു.


## മുന്നറിയിപ്പില്ലാത്ത ഹൃദയാഘാതം

പൊതുവിൽ നെഞ്ചുവേദന, കുളിരും വിയർപ്പും, ശ്വാസതടസ്സവും, ഛർദ്ദിയുമാണ് ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങൾ. എന്നാൽ ഇവയൊന്നും പ്രകടമാകാതെ തന്നെ ഹൃദയാഘാതം ഉണ്ടാകുന്നതായി തെളിഞ്ഞിരിക്കുന്നു. ഇതിനെ സാങ്കേതിക ഭാഷയിൽ Silent myocardial എന്ന് പറയുന്നു. 50 വയസ്സിന് മുകളിലുള്ളവരിൽ 3 മുതൽ 10 ശതമാനം വരെ ആളുകളിൽ ഇതിന് സാധ്യതയുള്ളതായി കണ്ടെത്തിയിരിക്കുന്നു. 60 വയസ്സിന് മുകളിലുള്ളവരിലുണ്ടാകുന്ന ഹൃദയാഘാതത്തിൽ 50 ശതമാനവും മുന്നറിയിപ്പോ ലക്ഷണമോ ഇല്ലാത്തതാകുന്നു.

*(അൽ ഫദ്ൽ പത്രം റബ്വ, 6.4.2005)*








### ബ്ലഡ് കൊളസ്ട്രോളിന്റെ അളവ്
(പ്രായപൂർത്തിയായവരിൽ)


| | |
|---|---|
| 200 മില്ലീഗ്രാമിൽ കുറവ് | സാധാരണം |
| 200 മുതൽ 239 മി. ഗ്രാം വരെ | സാധാരണയിൽ അല്പം കൂടുതൽ |
| 240 ന് മുകളിൽ | അപകട മേഖലയിലെത്തിയ കൊളസ്ട്രോൾ |




# SATURN ഗ്രഹത്തിലെ കൊടുങ്കാറ്റ്

**വാനനിരീക്ഷകർ Saturn ഗ്രഹത്തിലേക്ക് ഭയാനകമായ ഒരു കൊടുങ്കാറ്റ് അടുത്തുകൊണ്ടിരിക്കുന്നതായി കണ്ടെത്തിയിരിക്കുന്നു. ഈ കൊടുങ്കാറ്റ് അതിന്റെ ഭൂമധ്യരേഖയോടടുത്തായിട്ടാണ് കണ്ടെത്തിയിരിക്കുന്നത്. വെളുത്ത നിറത്തിൽ അതിവേഗത്തിലാണ് അതിന്റെ സഞ്ചാരം. ഉഷ്ണകാലത്ത് സാധാരണ കാണപ്പെടാറുള്ള പൊടിക്കാറ്റുപോലെയാണ് അതിന്റെ രൂപം. എന്നാൽ ഇതിൽ പൊടിപടലങ്ങൾക്കു പകരം അമോണിയാ മഞ്ഞു കട്ടകളുടെ കണികകളാണ് അടങ്ങിയിരിക്കുന്നത്. വളരെ ഭീമാകാരമായ രൂപമാണ് അതിന്റേത്. അതിന്റെ വ്യാസം ഭൂമിയുടെ വ്യാസത്തിന് സമാനമാണ്.**

കഴിഞ്ഞ് രണ്ട് നൂറ്റാണ്ടിനുള്ളിൽ Saturn-ൽ ഇത്തരത്തിലുള്ള മൂന്ന് കൊടുങ്കാറ്റുകൾ ഉണ്ടായതായി കണ്ടെത്തിയിരുന്നു. ഈ കൊടുങ്കാറ്റ് ഒരു പ്രത്യേക ക്രമത്തിൽ 75 വർഷങ്ങൾക്കു ശേഷം പ്രത്യക്ഷപ്പെടുമെന്നാണ് ശാസ്ത്രജ്ഞർ കരുതുന്നത്.



ഈ ഗ്രഹം ഭൂമിയിൽ നിന്ന് 1427 മില്യൻ കിലോമീറ്റർ ദൂരത്തിലാണ്. അതിന്റെ താപനില മൈനസ് 180 ഡിഗ്രിയാകുന്നു. ഇത്ര ദൂരത്തായ കാരണത്താൽ പ്രസ്തുത കൊടുങ്കാറ്റിന്റെ പ്രഭാവം നേരിട്ട് ഭൂമിയിൽ പതിക്കുന്നതല്ല. അല്ലായിരുന്നുവെങ്കിൽ ഭൂമിയുടെ അവസ്ഥ എന്താകുമായിരുന്നു? ഇത് അല്ലാഹുവിന്റെ അപാരമായ ഔദാര്യം തന്നെയാകുന്നു.

**"നീ കണ്ടില്ലേ, തീർച്ചയായും അല്ലാഹു ഭൂമിയിലുള്ള വസ്തുക്കളെയും അവന്റെ ആജ്ഞയനുസരിച്ച് സമുദ്രത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന കപ്പലുകളെയും നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു. തന്റെ അനുമതി കൂടാതെ ആകാശം ഭൂമിയിൽ വീഴാതിരിക്കാൻ അവൻ അതിനെ തടഞ്ഞു നിർത്തുന്നു. തീർച്ചയായും അല്ലാഹു മനുഷ്യരോട് വളരെ ദയയുള്ളവനും കരുണാമയനുമാകുന്നു."** (വിശുദ്ധഖുർആൻ 22:66)

*(അൽഫദ്ൽ ഇന്റർനാഷണൽ 3.3.95)*

Printer & Publisher : T.K.Mushtaq Ahmad
Manager : A.T.Nasarudheen
Layout : Quraish
Chief Editor : Mohammad Najeeb Khan
Editor : Arif Mohammad
Members : Ameerudheen Sajid, T.Jamshad Ahmad

Not for Sale, Circulation among members only
Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut